മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*361)

ഇന്നത്തെ ചോദ്യം ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രിക്കാണ്. അദ്ദേഹത്തിന്റെ അടുത്ത ബന്ധുവിന്റെ മരണത്തെത്തുടർന്ന് അദ്ദേഹം ഇന്ന് സഭയിൽ ഹാജരാകാൻ സാധിക്കില്ലെന്ന് ചെയറിനെ അറിയിച്ചിട്ടുണ്ട്.

പിന്നാക്ക വിഭാഗ കോർപ്പറേഷൻ മുഖാന്തരം സി.ഡി.എസ്.-കൾക്ക് വായ്പ

1 (*361) ശ്രീ. കെ. എം. സച്ചിൻദേവ്:
ഡോ. കെ. ടി. ജലീൽ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് പിന്നാക്ക വിഭാഗ പട്ടികയിൽ എത്ര സമുദായങ്ങളുണ്ടായിരുന്നു; വിശദമാക്കുമോ;

(ബി) പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ പുതുതായി എത്ര സമുദായങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പിന്നാക്ക വിഭാഗ കോർപ്പറേഷൻ മുഖാന്തരം സി.ഡി.എസുകൾക്ക് വായ്പ വിതരണം നടത്തിവരുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ;

(ഡി) ഇത്തരം വായ്പാ പദ്ധതികൾ വിപുലപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഇ) 2024-25 സാമ്പത്തിക വർഷം ഈ ഇനത്തിൽ എത്ര രൂപ വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് പിന്നാക്ക വിഭാഗ പട്ടികയിൽ 85 സമുദായങ്ങളുണ്ടാണ്ടായിരുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. +

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ പുതുതായി ഉൾപ്പെടുത്തിയ സമുദായങ്ങളെ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ അനുബന്ധമായി ചേർക്കുന്നു.

+ അനുബന്ധമായി ചേർക്കുന്നു.

(സി) ഉണ്ട്. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് സി.ഡി.എസ്സ്-കൾ മുഖേന മൈക്രോ ക്രെഡിറ്റ് വായ്പ അനുവദിക്കുന്നുണ്ട്. ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ സഫായി കർമചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ ലഘുവായ്പ (മൈക്രോ ക്രെഡിറ്റ്) പദ്ധതികളാണ് ഇത്തരത്തിൽ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പാക്കിവരുന്നത്.

(ഡി) മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതികൾ സി.ഡി.എസ്സുകളിലെ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിനും പദ്ധതി വിപുലീകരണത്തിനുമായി കേരളത്തിലുടനീളം ജില്ലാ, ഉപജില്ലാ ഓഫീസുകൾ മുഖേന ബോധവൽക്കരണ ക്ലാസ്സുകൾ, വായ്പാ മേളകൾ എന്നിവ കൃത്യമായ ഇടവേളകളിൽ നടത്തുന്നുണ്ട്.

(ഇ) 2024-2025 സാമ്പത്തിക വർഷം ഇതുവരെ 101 സി.ഡി.എസ്-കളിലെ 26197 ഗുണഭോക്താക്കൾക്കായി 184,43,47,071 രൂപ അനുവദിച്ചിട്ടുണ്ട്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, രണ്ടാം പിണറായി സർക്കാർ അധികാരത്തിൽവന്നതിനുശേഷം പിന്നാക്ക വിഭാഗ കോർപ്പറേഷനിൽനിന്നും എത്ര ഗുണഭോക്താക്കൾക്ക് എത്ര രൂപ വീതം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, ആകെ 364545 ഗുണഭോക്താക്കൾക്കായി 3,643.16 കോടി രൂപയാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വായ്പയായി നൽകിയിട്ടുള്ളത്. എത്ര രൂപ വീതം നൽകിയിട്ടുണ്ടെന്ന കണക്ക് പ്രത്യേകമായി പരിശോധിക്കേണ്ടതുണ്ട്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, അവശത അനുഭവിക്കുന്നവരുടെ വായ്പാ ലോൺ എഴുതിത്തള്ളുന്ന പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഗുണഭോക്താക്കൾക്ക് വായ്പാ ഇളവ് അനുവദിച്ചു; എത്ര രൂപയുടെ ഇളവാണ് ഇതിന്റെ ഭാഗമായി അനുവദിക്കപ്പെട്ടിട്ടുള്ളത്?

ശ്രീ. പി. രാജീവ്: സർ, ഈ പദ്ധതി പ്രകാരം 893 ഗുണഭോക്താക്കൾക്കായി 9.75 കോടി രൂപയുടെ ഇളവ് അനുവദിച്ചിട്ടുണ്ട്.

ഡോ. കെ. ടി. ജലീൽ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എൻ. കെ.

അക്ബർ): സർ, പരമ്പരാഗത കരകൗശല തൊഴിലാളികളുടെ ഉൽപന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനും കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ വിപണന മേളകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, ദാരിദ്ര്യത്തിൽനിന്നും പിന്നാക്കാവസ്ഥയിൽനിന്നും മോചനം എന്ന ലക്ഷ്യംവച്ചുകൊണ്ടാണ് ഈ കോർപ്പറേഷൻ പ്രവർത്തിക്കുന്നത്. അതിന്റെയടിസ്ഥാനത്തിൽ പരമ്പരാഗത കരകൗശല തൊഴിലാളികളുടെ ഉൽപന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനും പിന്നാക്ക വിഭാഗ വകുപ്പുമായി ചേർന്ന് ജില്ലാതലത്തിൽ വിപണനവും പ്രദർശനവും നടത്താൻ കോർപ്പറേഷൻ ആലോചിക്കുന്നുണ്ട്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, പിന്നാക്ക വിഭാഗ കോർപ്പറേഷനിൽനിന്നും വായ്പയെടുത്ത് സ്റ്റാർട്ട്അപ്പുകൾ ആരംഭിച്ചവരുടെ വിജയകരമായ അനുഭവങ്ങൾ പുതുതായി സ്റ്റാർട്ട്അപ്പുകൾ ആരംഭിക്കുന്നവർക്ക് പ്രയോജനമാകത്തക്ക രീതിയിൽ പങ്കുവയ്ക്കാനുതകുന്ന ബോധവൽക്കരണ പരിപാടി നടത്താൻ കോർപ്പറേഷൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ അംഗം ചോദിച്ചത് വളരെ പ്രസക്തമായ കാര്യമാണ്. ഇത്തരത്തിലുള്ള വായ്പാ വിതരണത്തിലൂടെ

സംരംഭങ്ങളും സ്റ്റാർട്ടപ്പുകളും ആരംഭിച്ചവർ അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും അതിന്റെ ഭാഗമായി ഉൽപന്നങ്ങളുടെ പ്രദർശനം നടത്തി കൂടുതൽ ആളുകളെ ഇതിലേക്ക് ആകർഷിക്കാൻ കഴിയുന്ന പരിപാടികൾ കൊണ്ടുവരുന്നതിനായി കോർപ്പറേഷൻ ആലോചിക്കുന്നുണ്ട്.

ശ്രീ. പി. ടി. എ. റഹീം: സർ, 2025-26 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷൻ മുഖാന്തരം എത്ര കോടി രൂപയുടെ വായ്പയാണ് നൽകാനുദ്ദേശിക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, 2025-26 സാമ്പത്തിക വർഷത്തിൽ 900 കോടി രൂപയുടെ വായ്പ നൽകാനാണ് കോർപ്പറേഷൻ ഉദ്ദേശിക്കുന്നത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗങ്ങൾക്കുള്ള 500 കോടി രൂപയിലധികം പദ്ധതികൾ വെട്ടിച്ചുരുക്കിയിട്ടുണ്ട്. വളരെ ഗുരുതരമായ പ്രശ്നമാണ് ഈ വിഭാഗത്തോട് കാണിക്കുന്നത്. ഇനിയും ഇതുപോലുള്ള വെട്ടിച്ചുരുക്കലുകളുണ്ടോ; വെട്ടിച്ചുരുക്കിയ പണം തിരിച്ച് നൽകാനുള്ള പദ്ധതികളുണ്ടോ?

ശ്രീ. പി. രാജീവ്: സർ, പിന്നാക്ക വിഭാഗ കോർപ്പറേഷനുമായി

ബന്ധപ്പെട്ട ചോദ്യമാണ് ചോദിക്കേണ്ടത്. അദ്ദേഹം ചോദിച്ചത് മറ്റൊരു ചോദ്യമാണ്. പിന്നാക്ക ജനവിഭാഗങ്ങളിൽ എസ്.സി. വിഭാഗങ്ങൾക്ക് പരമാവധി സംരക്ഷണം നൽകി അവരെ ശാക്തീകരിച്ച് കുറച്ചുകൂടി സംരംഭകരായി മാറ്റിയെടുക്കുന്നതുമാണ് ഈ സർക്കാരിന് താൽപര്യം. ഈ സഭയിൽ ചട്ടം 300 പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രസ്താവനയിൽത്തന്നെ ഗവൺമെന്റിന്റെ സമീപനം വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, 1947-നുമുമ്പ് ലത്തീൻ കത്തോലിക്ക വിശ്വാസികളായി ചേർന്നവർക്കും അവരുടെ പിൻതലമുറയ്ക്കും മാത്രമേ ലത്തീൻ കത്തോലിക്ക സർട്ടിഫിക്കറ്റ് ലഭിക്കുന്നുള്ളൂ. അതുകൊണ്ട് കാസർഗോഡ് ജില്ലയിലെ കൊങ്കണി ഭാഷ സംസാരിക്കുന്ന ക്രിസ്ത്യൻ വിഭാഗത്തിന് ഒ.ബി.സി. ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്ത സാഹചര്യമുണ്ട്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം കാണാൻ ശ്രമിക്കുമോ?

ശ്രീ. പി. രാജീവ്: സർ, സാധാരണ ഒ.ബി.സി. വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ഒരു പ്രൊസീജ്യറുണ്ട്. അത്

പാലിച്ചുകൊണ്ട് തീരുമാനമെടുത്താൽ പൊതുഭരണ വകുപ്പാണ് ഗസറ്റ് നോട്ടിഫിക്കേഷൻ മുഖേന പ്രഖ്യാപിക്കുന്നത്. ബഹുമാനപ്പെട്ട അംഗം പ്രത്യേകമായി ചൂണ്ടിക്കാണിച്ച വിഷയം പരിശോധിക്കാം.

## നദികളിലെ എക്കലും ചെളിയും നീക്കം ചെയ്യാൻ നടപടി

2(*362) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും ചെളിയും നീക്കം ചെയ്യുന്നതിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) നദികളിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണൽ നീക്കം ചെയ്യുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ശേഖരിക്കുന്ന മണൽ പൊതുജനങ്ങൾക്ക് വിൽക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും ഇതിലൂടെ എത്ര തുക സംഭരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ,

(എ) സുസ്ഥിരമായ ജലവിഭവ മാനേജ്മെന്റ് ഉറപ്പാക്കുന്നതിനും വെള്ളപ്പൊക്ക പ്രതിരോധശേഷി മെച്ചപ്പെടുത്തുന്നതിനും ഭൂഗർഭജല റീചാർജ് വർധിപ്പിക്കുന്നതിനുമായി ഇത്തരം പ്രവർത്തനങ്ങൾ വ്യവസ്ഥാപിതമായും ഘട്ടംഘട്ടമായും ശാസ്ത്രീയമായും നടക്കുന്നു. പരമാവധി കാര്യക്ഷമതയും പൊതുജന പങ്കാളിത്തവും കൈവരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (LSGI-കൾ), ജില്ലാ ദുരന്തനിവാരണ അതോറിറ്റി (DDMA), പ്രാദേശിക സമൂഹങ്ങൾ എന്നിവയുമായി ഏകോപനത്തിൽ പ്രവർത്തിക്കുന്ന ഒരു സംയോജിത സമീപനമാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്.

2022 ഫെബ്രുവരിയിൽ ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ വലിയ തോതിലുള്ള ഒരു ഡിസിൽറ്റേഷൻ പദ്ധതി ആരംഭിച്ചു.

നദികളിലെ എക്കലും ചെളിയും നീക്കം ചെയ്യുന്നതിനായി വിവിധ ജില്ലാ നിർദിഷ്ട പദ്ധതികളും വകുപ്പ് നടപ്പാക്കുന്നുണ്ട്. എറണാകുളം ജില്ലയിൽ പെരിയാർ, മൂവാറ്റുപുഴയാർ, കടമ്പ്രയാർ നദികളിലും അവയുടെ പോഷകനദികളിലും അടിഞ്ഞുകൂടിയ ചെളിയും അവശിഷ്ടങ്ങളും നീക്കം

ചെയ്യുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് കഴിഞ്ഞ മൂന്ന് വർഷമായി ഓപ്പറേഷൻ വാഹിനി പദ്ധതി നടപ്പാക്കിവരുന്നു. വെള്ളപ്പൊക്ക ലഘൂകരണത്തിലും ജലപ്രവാഹം മെച്ചപ്പെടുത്തുന്നതിലും നിർണ്ണായക പങ്കുവഹിക്കുന്ന ഈ പദ്ധതി 2025-26-ഓടെ പൂർത്തീകരിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. അതുപോലെ, തൃശ്ശൂർ ജില്ലയിൽ കരുവന്നൂർ, കേച്ചേരി, പുഴക്കൽ നദികളിൽ ഡിസിൽറ്റേഷൻ പ്രവൃത്തികൾ നടപ്പാക്കിവരുന്നുണ്ട്. ഇത് ഈ നദികൾക്ക് മൺസൂൺ പ്രവാഹം ഫലപ്രദമായി കൈകാര്യം ചെയ്യാൻ കഴിയുമെന്ന് ഉറപ്പാക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ കരമനയാർ, കിള്ളിയാർ, നെയ്യാർ, മാമം, വാമനപുരം, അയിരൂർ എന്നീ നദികളിലെ ഡിസിൽറ്റേഷൻ പ്രവൃത്തികൾ വാർഷിക മൺസൂൺ മുന്നൊരുക്ക ഫണ്ട് ഉപയോഗിച്ചും പ്ലാൻ ഫണ്ട് ഉപയോഗിച്ചും നടപ്പാക്കിവരുന്നുണ്ട്.

പതിവ് മാലിന്യനിർമ്മാർജന പ്രവർത്തനങ്ങൾക്കുപുറമേ, ചരിത്രപരമായി പ്രാധാന്യമുള്ള നദികളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ പാരിസ്ഥിതിക സന്തുലിതാവസ്ഥ മെച്ചപ്പെടുത്തുന്നതിനുമായി നിരവധി പ്രധാന നദി പുനരുദ്ധാരണ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഇത്തിക്കര, കല്ലട നദികളിലെ വാർഷിക മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങളും വകുപ്പ് നടത്തിവരുന്നുണ്ട്.

അച്ചൻകോവിൽ, പമ്പ ലീഡിങ് ചാനലും, മങ്കോട്ട പമ്പ എന്നിവിടങ്ങളിൽ വിപുലമായ ഡിസിൽറ്റേഷൻ പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ട്. അച്ചൻകോവിൽ നദിയിൽ 3.375 കിലോമീറ്റർ, പമ്പാ നദിയിലും അതിന്റെ ലീഡിംഗ് ചാനലിലും 6 കിലോമീറ്റർ, മങ്കോട്ട പമ്പ നദിയിൽ 5 കിലോമീറ്റർ എന്നിവിടങ്ങളിലെ ചെളി നീക്കം ചെയ്യുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. പ്രസ്തുത പ്രവൃത്തികൾ ആരംഭഘട്ടത്തിലാണ്. കുട്ടനാട്ടിൽ എക്കലും ചെളിയും അടിഞ്ഞുകൂടുന്നത് ജലസേചനത്തെയും കാർഷിക ഉൽപാദനക്ഷമതയെയും സാരമായി ബാധിച്ചതിനാൽ, Restoration of Ecosystems of Kuttanad in Alappuzha District (Phase I) എന്ന പ്രവൃത്തിയുടെ ₹59.213 കോടി രൂപയുടെ ഡി.പി.ആർ. സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. കൂടാതെ, അരൂർ നിയോജകമണ്ഡലത്തിലെ വേമ്പനാട് കായലിന്റെ തീരങ്ങളുടെയും അനുബന്ധ ചാനലുകളുടെയും ആഴം

കൂട്ടുന്നതിനായി ₹28.79 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

കോരപ്പുഴ അഴിമുഖം മുതൽ റെയിൽവെ പാലം വരെ 1600 മീറ്റർ നീളത്തിൽ ചെളിയും എക്കലും നീക്കം ചെയ്യുന്ന പ്രവൃത്തി നിലവിൽ പുരോഗമിച്ചുവരികയാണ്. ദേശീയ ഹരിത ട്രൈബ്യൂണൽ ആക്ഷൻ പ്ലാനിലുൾപ്പെട്ട സംസ്ഥാനത്തെ ഏറ്റവും മലിനീകരിക്കപ്പെട്ട പുഴകളിലൊന്നായ കല്ലായി പുഴയുടെ പുനരുജ്ജീവനത്തിനായി കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ നഗരസഞ്ചയ ഫണ്ട് ഉപയോഗപ്പെടുത്തി ചെളി നീക്കം ചെയ്യുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

നദികളുടെ ഡിസിൽറ്റേഷനുപുറമേ, വെള്ളപ്പൊക്ക നിയന്ത്രണത്തിലും ജലസംഭരണത്തിലും ചെക്ക് ഡാമുകളിലും റെഗുലേറ്ററുകളിലും ചെളി നീക്കം ചെയ്യുന്നതിലും വകുപ്പ് ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. ഈ ശ്രമങ്ങളുടെ ഭാഗമായി, പൂക്കോട്ടുമണ്ണ ആർ.സി.ബി.-യിൽനിന്ന് 30,970.40 ഘനമീറ്റർ ചെളിയും ചെറുതുരുത്തി ചെക്ക് ഡാമിൽനിന്ന് 15,744.985 ഘനമീറ്റർ ചെളിയും മഞ്ഞുമ്മൽ റെഗുലേറ്ററിൽനിന്ന് 660 ഘനമീറ്റർ ചെളിയും പുറപ്പള്ളിക്കാവ് റെഗുലേറ്ററിൽനിന്ന് 2,600 ഘനമീറ്റർ ചെളിയും നീക്കം ചെയ്തിട്ടുണ്ട്.

വെള്ളിയാംകല്ല് റെഗുലേറ്ററിന്റെ ഡിസിൽറ്റേഷൻ നടപ്പാക്കുന്നതിനുള്ള പ്രവൃത്തികൾ നിലവിൽ പുരോഗമിക്കുന്നു. ജലസംഭരണശേഷി കൂട്ടുതൽ വർധിപ്പിക്കുന്നതിനും വെള്ളപ്പൊക്ക മാനേജ്മെന്റ് കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുമായി ചെറുതുരുത്തി ചെക്ക് ഡാം, പട്ടാമ്പി ചെക്ക് ഡാം, കൂട്ടക്കടവ് റെഗുലേറ്റർ എന്നിവയുടെ അപ്സ്ട്രീം ഭാഗങ്ങളിൽനിന്നുള്ള ചെളി നീക്കം ചെയ്യുന്നതിനുള്ള ടെൻഡർ പ്രക്രിയ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. റൂം ഫോർ റിവർ പദ്ധതിയുടെ കീഴിൽ കേരളത്തിലുടനീളമുള്ള നിരവധി നദീതീരങ്ങളിൽ ഒരു പ്രാഥമിക സർവെ നടത്തി, ജലത്തിന്റെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന ഗണ്യമായ അളവിൽ എക്കലും ചെളിയും 2022-ൽ നീക്കം ചെയ്തിട്ടുണ്ട്.

കാങ്കകടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്, മുതിക്കയം റെഗുലേറ്റർ-കം-ബ്രിഡ്ജ് തുടങ്ങിയവയിലെ റെഗുലേറ്ററിന്റെ അപ്സ്ട്രീമിലും ഡൗൺസ്ട്രീമിലും അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്തില്ലെങ്കിൽ അവ ജലപ്രവാഹത്തെ തടസ്സപ്പെടുത്തുകയും റെഗുലേറ്റർ-കം- ബ്രിഡ്ജ് ഷട്ടറുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തെ തടസ്സപ്പെടുത്തുമെന്നും കണ്ടതിനാൽ, ആയത് നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) നദികളുടെ സ്വാഭാവിക ഒഴുക്കിന് തടസ്സമാകുന്ന രീതിയിലുള്ള എക്കലും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ മാത്രമാണ് ജലസേചന വകുപ്പ് മുഖേന നടപ്പാക്കാനാകുന്നത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഭാരതപ്പുഴയടക്കം ഒട്ടേറെ സ്ഥലങ്ങളിൽനിന്ന് പ്രത്യേകിച്ച് കുറ്റിപ്പുറത്തെ പ്രദേശത്തുനിന്നും കേരളത്തിലെ പല പുഴകളിൽനിന്നും എക്കലും ചെളിയും മണലും നീക്കം ചെയ്യുന്നതിനാവശ്യമായ ടെൻഡർ നടപടികൾ പുരോഗമിച്ചിട്ടുണ്ടെന്നാണ് അറിയുന്നത്. കുറ്റിപ്പുറത്തെ ആർ.സി.ബി.-യുടെ തൊട്ടടുത്തുനിന്ന് ഏകദേശം 250 കോടിരൂപയ്ക്ക് ഗുജറാത്തിലെ എ.ആർ.എസ്. കമ്പനി ടെൻഡർ എടുത്തിട്ടുണ്ടെന്നാണ് പത്ര റിപ്പോർട്ടിൽ കാണുന്നത്. ഈ പാലത്തിന്റെയും പുഴയുടെയും ആർ.സി.ബി.-യുടെയും സുരക്ഷ ഉറപ്പാക്കിയിട്ടാണെങ്കിൽ ജനങ്ങൾക്ക് ഇക്കാര്യത്തിൽ എതിർപ്പുണ്ടാകുകയില്ല. നേരത്തെ ഗ്രീൻ ട്രിബ്യൂണൽ ഈ പുഴയിൽനിന്നും മണലെടുക്കുന്നത് നിരോധിച്ചിട്ടുമുണ്ട്. ജനങ്ങളുടെ ആശങ്കയകറ്റിയും അവരെ വിശ്വാസത്തിലെടുത്തും ഈ പ്രവർത്തനം നടത്താനാവശ്യമായ പാരിസ്ഥിതിക പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ

പാരിസ്ഥിതിക പഠനം നടത്തി ജനങ്ങളുടെ ആശങ്കയകറ്റി ആ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാനുള്ള തയ്യാറെടുപ്പ് ഗവൺമെന്റ് നടത്തുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വാട്ടർ ബോഡികളോട് ചേർന്നുകിടക്കുന്ന പ്രദേശത്ത് അതിന്റെ അപ്സ്ട്രീമിലും ഡൗൺസ്ട്രീമിലും ആ വാട്ടർ ബോഡിയിൽ ഉണ്ടായിരിക്കുന്ന ആർ.സി.ബി. ആണെങ്കിലും ബന്ധപ്പെട്ട പ്രവൃത്തികളാണെങ്കിലും അതിന്റെ സുരക്ഷയ്ക്കുകൂടി വേണ്ടിയാണ് എക്കലും ചെളിയും മാറ്റേണ്ടി വരുന്നത്. അത് ജലസംഭരണശേഷിയുടെ കാര്യത്തിലാണെങ്കിലും അതിന്റെ നിലനിൽപ്പിന്റെ കാര്യത്തിലാണെങ്കിലും ഇതാവശ്യമാണെന്നുള്ള ബോധ്യത്തോടുകൂടിയുള്ള പഠനത്തിന്റെ പശ്ചാത്തലത്തിലാണ് ആ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്. എക്കലും ചെളിയും നീക്കം ചെയ്യേണ്ടത് ആവശ്യമാണ്. അത് നിർമ്മാണപ്രവർത്തനത്തെ കാര്യക്ഷമമായി ബാധിക്കുന്നതിനാൽ പ്രസ്തുത പ്രവൃത്തി ദീർഘദൂരം ചെയ്യാമെന്നുള്ളതല്ല; അതിനോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ മാത്രമാണ് ഇത്തരം പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിവരുന്നത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, റെഗുലേറ്ററുകളുടെയും ചെക്ക് ഡാമുകളുടെയും നിശ്ചിതപരിധികളിൽനിന്നും മാറിയിട്ടല്ലാതെ

എക്കലും ചെളിയും മണലുമൊക്കെ നീക്കംചെയ്താൽ റെഗുലേറ്ററുകളുടെ സുരക്ഷയെ അത് ബാധിക്കുന്നതാണ്. കൂടാതെ പുഴകളുടെ സ്വാഭാവിക അടിത്തട്ട് കവിഞ്ഞ് വാട്ടർ ടേബിൾ താഴുകയും തൊട്ടടുത്ത കിണറുകളെത്തന്നെ അത് ബാധിക്കുകയും ചെയ്യും. റെഗുലേറ്ററുകളുടെയും ചെക്ക് ഡാമുകളുടെയും സുരക്ഷയെ ഉറപ്പാക്കി അതിന് യാതൊരു പ്രയാസവും വരില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ട് ആ രീതിയിൽ മണൽഖനനം നടത്തുന്നതിനുള്ള നിലപാട് സ്വീകരിക്കാൻ കഴിയുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, മണൽഖനനം നടത്തുന്നില്ലെന്നതാണ് ഒന്നാമത്തെ കാര്യം. എക്കലും ചെളിയും മാറ്റുകയെന്ന പ്രവൃത്തി മാത്രമാണ് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ പരിധിയിൽപ്പെട്ടിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ഇത്തരം കാര്യങ്ങളിൽ പഠനം നടത്തിയശേഷമാണ് ഇക്കാര്യങ്ങൾ നടത്തുന്നത്. ആ പഠനത്തിനുശേഷമല്ലാതെ ഇത് നടത്താൻ സാധിക്കുകയില്ല. റെഗുലേറ്ററിന്റെയും ആർ.സി.ബി.-കളുടെയും സുരക്ഷയും അതിന്റെ പ്രശ്നങ്ങളുമെല്ലാം പരിഹരിക്കാൻ ആവശ്യമാണെന്നുള്ളതുകൊണ്ടാണ് അത്തരം പ്രവൃത്തി ഏറ്റെടുക്കേണ്ടിവരുന്നത്. അതിന് വിശദമായ പഠനം നടത്തിയതിന്റെ

പശ്ചാത്തലത്തിലാണ് ഇത്തരം കാര്യങ്ങൾ നടത്തിയിട്ടുള്ളത്. ചില കാര്യങ്ങളിൽ കോടതി ഇടപെടലുകളുണ്ടായിട്ടുള്ളതിനാൽ കോടതിയെയും ഇക്കാര്യം അറിയിച്ചിട്ടുണ്ട്. കോടതിയുടെ അറിവിൽപ്പെടുത്തിയ ഒരു കാര്യമെന്ന നിലയിൽ അതിന്റെകൂടി പശ്ചാത്തലത്തിലായിരിക്കും തീരുമാനം കൈക്കൊള്ളുന്നത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കഴിഞ്ഞ വി. എസ്. സർക്കാരിന്റെ കാലത്ത് ഡോ. ടി. എം. തോമസ് ഐസക്ക് ഫിനാൻസ് മിനിസ്റ്ററായിരുന്നപ്പോൾ അദ്ദേഹത്തിന്റെ ബജറ്റിൽ പുഴയിൽനിന്നും മണൽ വാരാനുള്ള ഒരു പ്രഖ്യാപനം നടത്തിയിരുന്നു. മലമ്പുഴ പോലെയുള്ള ഒന്നുരണ്ട് പ്രദേശത്തുനിന്നും മണൽവാരിയെങ്കിലും അത് ഫീസിബിളല്ലാത്തതിനാൽ ലേബർ പ്രോബ്ലവും ലേബർ കോസ്റ്റും കാരണം ആ പദ്ധതി ഉപേക്ഷിച്ചു. അതുപോലൊരു പദ്ധതി വീണ്ടും നടപ്പാക്കാൻ മതിയായ സർവെകളോ പഠനങ്ങളോ നടത്തിയിട്ടുണ്ടോ; ജലവിഭവ വകുപ്പിന് ഇതുസംബന്ധിച്ച് എന്തെല്ലാം വിവരങ്ങളാണ് ലഭ്യമായിട്ടുള്ളത്?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, പുഴയിൽനിന്ന് മണലും മറ്റും മാറ്റുന്നത് ഇറിഗേഷൻ വകുപ്പിന്റെ ചുമതലയിൽപ്പെട്ടിട്ടുള്ള കാര്യങ്ങളല്ല. അത് റവന്യൂ

വകുപ്പാണ് കൈകാര്യം ചെയ്യേണ്ടത്. കഴിഞ്ഞദിവസം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇത്തരം കാര്യങ്ങൾ സഭയിൽ വിശദീകരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുമായി ഇത്തരം കാര്യങ്ങൾ ആലോചിച്ച് വിശദമായി മനസ്സിലാക്കി മുന്നോട്ടുപോകേണ്ടതായിട്ടുണ്ട്.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, മണൽവാരൽ സംബന്ധിച്ചുള്ള ഫണ്ട് പോകുന്നത് റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്കാണ്. റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിനായുള്ള ജില്ലാതല കമ്മിറ്റിയിൽ എം.എൽ.എ. മാർക്ക് പങ്കില്ല. ഇതൊരു ജനകീയ കമ്മിറ്റിയായി രൂപീകരിച്ചതിനാൽ അവർ ഈ വർക്ക് കൊടുക്കുന്നതുസംബന്ധിച്ച് പ്രയോരിറ്റിയിലോ മറ്റു കാര്യങ്ങളിലോ വ്യക്തതയില്ലാതെയാണ് ചെയ്യുന്നത്. അതിനാൽ അങ്ങ് രൂപീകരിക്കുന്ന കമ്മിറ്റിയിൽ എം.എൽ.എ.-മാരെക്കൂടിയുൾപ്പെടുത്തി കാര്യങ്ങൾ ഫലപ്രദമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, റവന്യൂ വകുപ്പാണ് റിവർ മാനേജ്മെന്റ് ഫണ്ടിന്റെ കാര്യങ്ങൾ ചെയ്യുന്നത്. ഒരു എം.എൽ.എ.-യുടെ മണ്ഡലത്തിൽ ആ ഫണ്ട് വിനിയോഗിച്ച് അത്തരം കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്ന്

ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി കഴിഞ്ഞദിവസം മറുപടി പറയുന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. അത് കുറേക്കൂടി കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് റവന്യൂ വകുപ്പ് ഇപ്പോൾ പഴയതിനെക്കാൾ ജാഗ്രത പുലർത്തിയിട്ടുണ്ട്. അത് തീരങ്ങളും കൃഷിയിടങ്ങളും സംരക്ഷിക്കാൻ കുറേയേറെ ജനങ്ങൾക്ക് ആശ്വാസകരമായിരിക്കും. നിലവിൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കൂടുന്ന ഒരു സമിതിയാണ് ഇത്തരം കാര്യങ്ങൾ ആലോചിക്കുന്നത്. ഇക്കാര്യത്തിൽ തീർച്ചയായും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുമായി ആലോചിച്ച് കാര്യക്ഷമമായ പ്രവർത്തനങ്ങളിൽ ഇടപെടലുകൾ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, 2018-19 കാലത്തുണ്ടായ പ്രളയത്തിൽ നദീതീരങ്ങളിൽ പ്രത്യേകിച്ച് മധ്യകേരളത്തിലെ നദികളിൽ വലിയതോതിൽ മണലും എക്കലും അടിഞ്ഞുകൂടിയിരുന്നു. അങ്ങനെ അടിഞ്ഞുകൂടിയ മണൽ, എക്കൽ എന്നിവ നീക്കംചെയ്യാൻ കരാർ നൽകിയിരുന്നോ; കരാർ നൽകുംമുമ്പ് ഓരോ സ്പോട്ടിലെയും അളവ്

തിട്ടപ്പെടുത്തിയിരുന്നോ; എങ്കിൽ കരാർ പ്രകാരം നീക്കം ചെയ്ത മണലിന്റെ സീനിയറൈസ് ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ട്?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, നമുക്ക് അങ്ങനെ വന്നൊരു സാഹചര്യം വളരെ കറക്ടാണെന്നാണ് പൊതുവെ മനസ്സിലാക്കേണ്ടതായിട്ടുള്ളത്. 2018-19-ൽ ഇക്കാര്യം വ്യക്തമായി ഫീൽ ചെയ്യപ്പെട്ടതിന്റെ ഭാഗമായി കേരളത്തിലെ പുഴകളിലെയും നദികളിലെയും കൈവഴികളിലെയും എക്കലും ചെളിയും നീക്കം ചെയ്യുന്നതിനും വാട്ടർബോഡി പഴയ രീതിയിലാക്കുന്നതിനും ഇരുവശവും സംരക്ഷിക്കുന്നതിനും കാര്യമായ മാറ്റങ്ങൾക്ക് ഒരു നേട്ടമാകുമെന്ന് കണക്കാക്കി സർക്കാർ ഒരു തീരുമാനമെടുത്തു. ഏകദേശം 3 കോടി ഘനമീറ്റർ എക്കലും ചെളിയും മാറ്റേണ്ടിവരുമെന്നാണ് അന്നെടുത്ത തീരുമാനം. ഇതിന്റെ ഭാഗമായി ഒരു കോടി ഘനമീറ്റർ എക്കലും ചെളിയും നീക്കം ചെയ്തു. പക്ഷേ ഇതെല്ലാം നീക്കി കളക്ട് ചെയ്ത് പുറത്തിട്ടപ്പോൾ ഇതെടുത്തുകൊണ്ടുപോകാൻ ആളില്ല. ലേലം ചെയ്യാനായി എടുക്കുമ്പോൾ സ്വീകരിക്കാൻ ആളില്ല എന്നിങ്ങനെയൊക്കെയുള്ള വിഷയങ്ങൾ രൂപപ്പെട്ടു. ഇനിയും ഈ പ്രവൃത്തി തുടരേണ്ടതിനാൽ ഇതിനുവേണ്ടി എന്തുചെയ്യാൻ

കഴിയുമെന്നൊരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ സർക്കാർ ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട സ്ഥിതിവിശേഷമുണ്ട്. പിന്നീട് വന്ന കാലവർഷവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലെല്ലാം വെള്ളപ്പൊക്ക നിയന്ത്രണത്തിന് ഇത് കുറേയേറെ ഗുണകരമായിരുന്നു. തിരുവനന്തപുരത്തെ തമ്പാനൂരിൽ ആമയിഴഞ്ചാൻ തോടുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ചപ്പോൾ കുറേ ആശ്വാസകരമായ മാറ്റമുണ്ടായി. ഇക്കാര്യങ്ങൾ ഐക്യത്തോടെ വർഷന്തോറും നടത്താൻ കഴിഞ്ഞാൽ, കുറേയേറെ മാറ്റങ്ങൾ രൂപപ്പെടുത്താൻ കഴിയും. അതിന് തക്കതായ ആലോചനകൾ നടത്തി അത് മുന്നോട്ടുകൊണ്ടുപോകണമെന്നാണ് ആഗ്രഹിക്കുന്നത്.

<u>ശ്രീ. എച്ച്. സലാം</u>: സർ, KUFOS-ന്റെ പഠന റിപ്പോർട്ടനുസരിച്ച് വേമ്പനാട് കായലിന്റെ സ്റ്റോറേജ് കപ്പാസിറ്റി 65 ശതമാനത്തിനുമുകളിൽ കുറഞ്ഞിരിക്കുന്നുവെന്നും അടിത്തട്ടിൽ വലിയൊരു പ്ലാസ്റ്റിക് ലെയർ രൂപപ്പെട്ടുവെന്നുമാണ് പറയുന്നത്. കുട്ടനാടിനെ വെള്ളപ്പൊക്കത്തിൽനിന്നും രക്ഷിക്കാൻ വേമ്പനാടിന്റെയും അതിന്റെ കൈവഴികളിലെയും എക്കലും ചെളിയും പ്ലാസ്റ്റിക്കും നീക്കം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അതിന്റെ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ടെന്നുള്ളത് ശ്രദ്ധേയമായിട്ടുള്ള കാര്യമാണ്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള പ്രാരംഭനടപടികൾ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, സംസ്ഥാനത്തെ നദികളുടെ പുനരുജ്ജീവനം ലക്ഷ്യം വച്ച് എത്ര നദികളിൽനിന്ന് എത്ര ക്യൂബിക് മീറ്റർ എക്കലും ചെളിയും നാളിതുവരെ നീക്കം ചെയ്തിട്ടുണ്ടെന്നും എത്ര നദികളുടെ സ്വാഭാവിക ഒഴുക്ക് പുനഃസ്ഥാപിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കൃത്യമായി അങ്ങനെ പറയാൻ കഴിയില്ല. പക്ഷേ കഴിയുന്നത്ര സ്ഥലങ്ങളിൽ ആദ്യം പറഞ്ഞ പ്രൊസീഡ്യുവർ അനുസരിച്ച് കുറേമാറ്റങ്ങൾ രൂപപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ കുറച്ചുകാര്യങ്ങളിൽ, കണക്ക് പറയാൻ കഴിയുന്ന നദികളും നമ്മുടെ മുമ്പിലുണ്ട്. അത് കുറേക്കൂടി പൂർണ്ണതോതിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ആദ്യഘട്ടത്തിൽ ഇത് ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ ഓരോ വർഷവും ഇത്തരം കാര്യങ്ങൾ കുറേക്കൂടി

മെച്ചപ്പെടുത്തികൊണ്ടുപോകുന്നതിനായി എന്തുചെയ്യാൻ കഴിയുമെന്നുള്ള ആലോചനയാണ് ഇപ്പോൾ നടത്തുന്നത്.

ശ്രീ. സണ്ണി ജോസഫ്: സർ, കേരളത്തിലെ ജലസംഭരണികളുടെ സമീപത്തുള്ള ആളുകൾക്ക് പ്രയാസമുണ്ടാക്കുന്ന രൂപത്തിൽ സർക്കാർ 26-12-24-ൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ സംഭരണികളുടെ സമീപ പ്രദേശങ്ങളെ, കാറ്റഗറി 1 (ബഫർ സോൺ), കാറ്റഗറി 2 (സെക്കന്റ് സോൺ) എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. സർക്കാർ കാറ്റഗറി ഒന്നിൽ പൂർണ്ണമായും നിർമ്മാണപ്രവർത്തനങ്ങൾ നിരോധിക്കുകയും കാറ്റഗറി രണ്ടിൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് വളരെ അപ്രായോഗികമായിട്ടുള്ള നിബന്ധനകളേർപ്പെടുത്തുകയും ചെയ്യുന്നതിനാൽ ഇക്കാര്യത്തിൽ ജനങ്ങൾക്കുള്ള പ്രയാസം പരിഹരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ; ജനങ്ങളുടെ ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഭയുടെ അറിവിലേയ്ക്കുവേണ്ടി ഇക്കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. ഇതിന് പ്രീവിയസായ ഒരു ഹിസ്റ്ററിയുണ്ട്. ഇന്ത്യ-ചൈനാ യുദ്ധത്തിനുശേഷം

നിലവിൽവന്ന ഡിഫൻസ് ഓഫ് ഇന്ത്യാ ആക്റ്റ് പ്രകാരം 1985-ൽ ആഭ്യന്തര വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവനുസരിച്ച് ഇന്ത്യയിലെ മേജർ ഡാമുകളിലെ നിർമ്മാണപ്രവർത്തനങ്ങൾക്ക് പരിധി നിശ്ചയിച്ചുകൊണ്ട് ഒരു ബഫർ സോൺ നിലവിൽ വന്നിരുന്നു. എന്നാൽ ഡിഫൻസ് ഓഫ് ഇന്ത്യാ ആക്റ്റ് സർക്കാർ പിൻവലിച്ചെങ്കിലും ഡാമുകളോട് ചേർന്നുനിൽക്കുന്ന റീസർവോയർ പ്രദേശങ്ങളിൽ മലിനീകരണം, മണ്ണൊലിപ്പ് എന്നിവ ഉൾപ്പെടുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണമുണ്ടായിരിക്കുകയും ആയത് Kerala Irrigation and Water Conservation Act അനുസരിച്ച് പ്രവർത്തിക്കുന്ന കേരള ഡാം സേഫ്റ്റി അതോറിറ്റി ചെയർമാനായിരുന്ന റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ശ്രീ. രാമചന്ദ്രൻ നായർ ഓരോ നിർമ്മാണ അപേക്ഷയും പരിശോധിച്ച് അനുമതി നൽകുകയും ചെയ്തുവന്നിരുന്നു. എന്നാൽ 2021-ൽ ഡാം സേഫ്റ്റി ആക്റ്റ് നിലവിൽ വന്നപ്പോൾ കേരള ഡാം സേഫ്റ്റി അതോറിറ്റി ഇല്ലാതാകുകയും ബഹുമാനപ്പെട്ട ഹൈക്കോടതി ബാണാസുരാ സാഗർ റിസർവോയറിനോടുചേർന്ന് നിർമ്മിക്കുന്ന പ്രദേശത്തെ

പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്ന വിഷയം പരിഗണിച്ചപ്പോൾ, റിസർവോയറുകളുടെ ചുറ്റുമുള്ള നിർമ്മാണപ്രവർത്തനങ്ങൾക്ക് സമയബന്ധിതമായി ഒരു നയം രൂപീകരിക്കാൻ സർക്കാരിന് നിർദേശം നൽകുകയുണ്ടായി. നിർമ്മാണ അനുമതി നൽകുന്നതിന് ഒരു പ്രത്യേക നിയമമില്ലാതിരുന്ന ഘട്ടത്തിലാണ് ഡാമുകളുടെ റിസർവോയറുകളെ സംബന്ധിച്ച പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. ഇതിൽ ജനങ്ങൾക്ക് ആശങ്കയുണ്ടാകേണ്ട കാര്യമില്ല. നിലവിലുള്ള ഒരു നിർമ്മാണപ്രവർത്തനങ്ങളെയും ഇത് ബാധിക്കുന്നില്ലെന്നതാണ് അതിന് പ്രധാനകാരണം.

രണ്ടാമത്തെ വിഷയം, ബഫർ എന്ന വാക്കുതന്നെ ആവശ്യമില്ല. അങ്ങനെയൊരു പ്രശ്നം രൂപപ്പെടുത്തണമെന്ന ആഗ്രഹവുമില്ല. കോടതിയിൽ ഇത്തരം കാര്യങ്ങൾ വന്ന സമയത്ത് കൂടുതൽ ദോഷകരമായി ബാധിക്കാനുള്ള സാധ്യത, ഒരുപക്ഷെ 100 മീറ്ററോ 200 മീറ്ററോ എന്ന ഒരു ഇൻസ്ട്രക്ഷൻ വന്നാൽ നമുക്ക് ബുദ്ധിമുട്ടുണ്ടാകാൻ പാടില്ലായെന്നതുകൊണ്ടാണ് അത്തരത്തിലൊരു ഉത്തരവ് പുറപ്പെടുവിക്കേണ്ടിവന്നത്. അവിടെ നേരത്തെ ചെയ്തതുപോലെ, ഓരോ

അപേക്ഷകളും പ്രത്യേകമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്ന തലത്തിലേക്ക് ഈ ഉത്തരവ് മോഡിഫൈ ചെയ്താലും അതാണ് കുറേക്കൂടി അക്സപ്റ്റബിൾ എന്ന് മനസ്സിലായാൽ അതിന് ഗവൺമെന്റ് തയ്യാറാകും. ഇത്തരം കാര്യങ്ങളിൽ ആശങ്കയുടെ ഒരു ആവശ്യമില്ല. നേരത്തെ നടന്നതുപോലെതന്നെ മുന്നോട്ടുകൊണ്ടുപോകുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കും. ഡാമിന്റെ തീരത്തോട് ചേർത്ത് റിസോർട്ടുകൾ നിർമ്മിക്കുമ്പോൾ പെർമിഷൻ കൊടുക്കണോ വേണ്ടയോ എന്ന ചില വിഷയങ്ങളും വന്നിട്ടുണ്ട്. ഓരോന്നിന്റെയും കാര്യങ്ങൾ പ്രത്യേകമായി പരിശോധിച്ച് ചെയ്യാം. ആ ഉത്തരവ് ഇറങ്ങിയെന്നൊരു ബുദ്ധിമുട്ട് ജനങ്ങൾക്കുണ്ടാകില്ല. പ്രസ്തുത ഉത്തരവിനേക്കാൾ ഉപരിയായി ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിന്, അതിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ ആ മാറ്റങ്ങൾ വരുത്തി ജനജീവിതത്തെ ബാധിക്കാതെ, നിലവിലുള്ള നിർമ്മാണത്തെ ബാധിക്കാതെ, എന്നാൽ കുടിവെള്ളം ഉൾപ്പെടെയുള്ള മറ്റുചിലകാര്യങ്ങൾ... ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ടൂറിസം കൊണ്ടുവന്നിട്ടുണ്ട്. ടൂറിസം രംഗത്ത് ഒരു മാറ്റമുണ്ടാക്കാനാണ് ഇതുകൊണ്ടുവന്നത്. ആ പ്രദേശത്ത് അത്രയും ടൂറിസം സാധ്യതകൾ കൊണ്ടുവരുമ്പോൾ ഇത്തരം

കാര്യങ്ങൾക്ക് വിലങ്ങാകാൻ പാടില്ല. കേരളത്തിൽ പൊതുവിൽ ഇറിഗേഷൻ ബോഡികളെ ടൂറിസവുമായി ബന്ധപ്പെടുത്തി ജനങ്ങൾക്ക് കൂടുതൽ സാമിപ്യമരുളാൻ കഴിയുന്ന സാഹചര്യങ്ങൾ രൂപ്പെടുത്തുന്ന പശ്ചാത്തലത്തിൽ ഇതൊരു ആശങ്കയ്ക്ക് ഇടനൽകുന്നില്ല. അങ്ങനെ എന്തെങ്കിലും ഈ ഉത്തരവിന്റെ ഭാഗമായി നിലനിൽക്കുന്നുണ്ടെങ്കിൽ, അത് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉളാവാക്കുന്ന സാഹചര്യങ്ങളുണ്ടെന്ന് ബോധ്യപ്പെട്ടാൽ ടി ഉത്തരവിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അത് ഒഴിവാക്കികൊണ്ടുതന്നെ മുന്നോട്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, കേരളത്തിലുടനീളം ഇറിഗേഷൻ വകുപ്പിന്റെ വിവിധ സ്ഥലങ്ങളിൽ അനുവാദമില്ലാതെ നാട്ടുകാർ കളിക്കളങ്ങളായി ഉപയോഗപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കളിക്കളങ്ങളുടെ എണ്ണം പൊതുവിൽ കുറഞ്ഞുവരുന്നതും കളിക്കളങ്ങൾ കൃത്യമായി ഉപയോഗിക്കാത്തത് കുട്ടികളുടെ മാനസിക വളർച്ചയെ ബാധിക്കുന്നുണ്ടെന്ന കണ്ടെത്തലിന്റെ ഭാഗമായുമാണ് ഇങ്ങനെ കളിക്കളങ്ങളായി ഉപയോഗപ്പെടുത്തുന്നത്. ഇപ്രകാരം ഉപയോഗിക്കുന്നതിന് ഒരു രൂപരേഖ തയ്യാറാക്കാൻവേണ്ടി കഴിയുമോ; ഇവ കളിക്കളങ്ങളായി

ഉപയോഗപ്പെടുത്താൻ അനുമതി നൽകുന്നതിന് എന്തൊക്കെ ശ്രമങ്ങളാണ് നമുക്ക് നടത്താൻ കഴിയുക?

മി.സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഇതൊരു നല്ല ചോദ്യമാണ്. കാരണം പൊതുവിലൊരു പെർമിസീവ് സാങ്ഷൻ നൽകിയാൽ മതി. വേക്കൻഡ് ലാൻഡ് പലപ്പോഴും ആന്റി സോഷ്യൽ ആക്ടിവിറ്റീസിനാണ് ഉപയോഗിക്കുന്നത്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ബഹുമാനപ്പെട്ട ചെയർ പറഞ്ഞതുകൂടി ഉൾക്കൊള്ളുന്നു. നമ്മൾ അപ്രകാരം കൊണ്ടുവന്നൊരു പദ്ധതിയാണ് ഇറിഗേഷൻ ടൂറിസം. ഭൂതത്താൻകെട്ടിലും പാലക്കാട് കാഞ്ഞിരപ്പുഴയിലും അതിനാവശ്യമായ പൈലറ്റ് പ്രോജക്ട് ആരംഭിക്കാനുള്ള സ്ഥിതിവിശേഷം ആയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഇറിഗേഷനോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ, അത് പി.പി.പി. ആണെങ്കിലും ബി.ഒ.ടി ആണെങ്കിലും ആ പദ്ധതി കൊണ്ടുചെന്നെത്തിക്കാൻ സാധിക്കുന്നതും ഇറിഗേഷന് ഇപ്പോൾ കൂടുതൽ ആവശ്യമില്ലായെന്ന ബോധ്യമുള്ള സ്ഥലവും എന്നാൽ ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായി, ടൂറിസം സാധ്യത ഒരു ഗ്രാമത്തിൽ നടപ്പാക്കാൻ കഴിയുമെന്ന് ബോധ്യപ്പെട്ടാൽ അതിനെ പ്രയോജനപ്പെടുത്തിക്കൊണ്ട്

രൂപപ്പെടുത്താനാണ് ഇറിഗേഷൻ ടൂറിസം കൊണ്ടുവന്നത്. നിരവധി സ്ഥലങ്ങളിൽ അതിന്റെ രൂപകൽപന ചെയ്യാൻ കഴിഞ്ഞു. അതോടൊപ്പം പ്രസക്തമാണ് കായിക മേഖലയുടെ പുഷ്ടിപ്പെടുത്തൽ. ഞാൻ കായിക വകുപ്പുമന്ത്രിയുമായി ഈ വിഷയം സംസാരിച്ചിരുന്നു. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് വളരെ ശരിയായ കാര്യമാണ്. ഇറിഗേഷന്റെ പല സ്ഥലങ്ങളിലും ഇപ്പോൾ ഫുട്ബോൾ കോർട്ട്, വോളിബോൾ കോർട്ട് എന്നിവയുണ്ട്. കളികളും നടക്കുന്നുണ്ട്. അത് പ്രോത്സാഹിപ്പിക്കുക ആവശ്യമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഈ സമീപകാലത്തുണ്ടായ ലഹരിയും കള്ളക്കടത്തും മയക്കുമരുന്നും മാനസികനില തകരാറിലാകുന്ന സ്ഥിതിവിശേഷത്തിൽ, നമ്മുടെ യൂത്തിനെ എൻഗേജ്ഡ് ആക്കാൻ കുറെക്കൂടി ഫലപ്രദമായുള്ള നടപടികൾ ഗ്രാമീണതലങ്ങളിൽ കൊണ്ടുവരുമ്പോൾ പല സ്ഥലങ്ങളിലും കാണുന്നൊരു പ്രധാന വിഷയം കളിസ്ഥലങ്ങളില്ലെന്നതാണ്. പൊതുസ്ഥലങ്ങൾ കണ്ടെത്താൻ പ്രയാസമുണ്ടാകുന്നുയെന്നത് വലിയ ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന് സമീപകാലങ്ങളിലൊന്നും ആവശ്യമില്ലായെന്ന് ബോധ്യപ്പെടുന്ന സ്ഥലം, മേൽ സൂചിപ്പിച്ചതുപോലെ പെർമിസീവ് സാങ്ഷൻ നൽകി,

അവിടെ താൽക്കാലികമായ ചില കൺസ്ട്രക്ഷൻസ്... അതായത് വോളിബോളാണെങ്കിൽ നെറ്റും കോർട്ടും വേണ്ടിവരും, ഇത്തരത്തിലുള്ള ചില കാര്യങ്ങളെല്ലാം രൂപപ്പെടുത്തി ചെയ്യുന്നതിന്, പഞ്ചായത്തോ മുനിസിപ്പാലിറ്റിയോ കോർപ്പറേഷനോ അത്തരം കാര്യങ്ങളിൽ താൽപര്യപൂർവം അപേക്ഷ സമർപ്പിച്ചാൽ, അവിടത്തെ സാഹചര്യംകൂടി പരിഗണിച്ചുകൊണ്ട് നമുക്ക് ഇക്കാര്യം പോസിറ്റീവായി എടുക്കാൻ സാധിക്കും. അത് കേരളത്തിലെ യൂത്തിനെ കുറെക്കൂടി എൻഗേജ് ചെയ്യിക്കാനും ഈവനിങ് ടൈം പ്രയോജനപ്പെടുത്താനുള്ള പ്രോത്സാഹനജനകമായ സാഹചര്യത്തിന് അവസരം നൽകുമെന്നുള്ളതുകൊണ്ടും ഇത് പരിഗണിക്കാവുന്നതാണ്.

## യുവാക്കൾക്കിടയിലെ മാനസികപ്രശ്നങ്ങൾ പരിഹരിക്കാൻ കർമ്മപദ്ധതി

3 (*363) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവാക്കൾക്കിടയിൽ മാനസികാരോഗ്യ പ്രശ്നങ്ങളും ആത്മഹത്യാ പ്രവണതയും വർധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പ്രതിരോധിക്കുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ,

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യുവജനങ്ങൾക്കിടയിൽ ആത്മഹത്യാ പ്രവണത വർധിക്കുന്ന സാഹചര്യത്തിൽ യുവജനങ്ങളുടെ 'മാനസികാരോഗ്യം ശക്തിപ്പെടുത്തുക' എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ 18-നും 40-നും ഇടയിൽ പ്രായമുള്ള യുവജനങ്ങളിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടെ നടന്ന ആത്മഹത്യകൾ പഠന വിധേയമാക്കി എല്ലാ ജില്ലകളിലുമായി 800-ൽ അധികം ആത്മഹത്യകളെ സംബന്ധിച്ച് വിദഗ്ധ സംഘം ശാസ്ത്രീയ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ തൊഴിലിടങ്ങളിലെ യുവജനങ്ങളുടെ മാനസികാരോഗ്യത്തെ സംബന്ധിച്ചും യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ

ശാസ്ത്രീയ പഠനം നടത്തി ‘ Mental Health of Youth at Work' എന്ന പേരിൽ തയ്യാറാക്കിയ പഠന റിപ്പോർട്ട് സർക്കാരിന് നൽകിയിട്ടുണ്ട്. ഐ.റ്റി, ഗിഗ് ഇക്കോണമി, മീഡിയ, ഇൻഷുറൻസ്/ബാങ്കിംഗ്, റീട്ടെയിൽ/ഇൻഡസ്ട്രിയൽ എന്നീ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന 18-നും 40-നും ഇടയിൽ പ്രായമുള്ള 1548 യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടാണ് സർവ്വേ നടത്തിയത്. നിലവിൽ യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയിട്ടുള്ള ശാസ്ത്രീയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യുവതലമുറയെ ഇത്തരം മാനസികാവസ്ഥയിൽനിന്നും മോചിപ്പിക്കുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

യുവജനങ്ങളുടെ മാനസിക പ്രശ്നങ്ങളെ സമഗ്രമായി അഭിസംബോധന ചെയ്യുക എന്ന ലക്ഷ്യത്തോടെ 2024 ജനുവരി 31, ഫെബ്രുവരി 1 തീയതികളിലും 2025 മാർച്ച് 3, 4 തീയതികളിലും യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ ദേശീയ സെമിനാറുകൾ സംഘടിപ്പിച്ചു. ദേശീയ സെമിനാറിനോടൊപ്പം എല്ലാ ജില്ലകളിലും സർവ്വകലാശാലകളിലും പ്രാദേശിക ഇടങ്ങളിലും ആത്മഹത്യാ പ്രതിരോധത്തിനായി സെമിനാറുകളും

കമ്മീഷൻ സംഘടിപ്പിക്കുന്നുണ്ട്.

ഇന്ന് ഒരു സാമൂഹ്യവിപത്തായി മാറിക്കൊണ്ടിരിക്കുന്ന മയക്കമരുന്നിന്റെ ഉപയോഗം യുവാക്കളിലുണ്ടാക്കുന്ന മാനസികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾ വളരെ വലുതാണ്. മയക്കമരുന്നിന്റെ ഉപയോഗം തടയുന്നതിന് ബോധവൽക്കരണ പ്രവർത്തനങ്ങൾ വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. ‘ No To Drugs’ എന്ന മുദ്രാവാക്യമുയർത്തി കേരള സർക്കാർ സംഘടിപ്പിച്ച മയക്കമരുന്നിനെതിരെ ജനകീയ പ്രതിരോധം ഒരുക്കാനുള്ള വിപുലമായ പദ്ധതിയിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന പങ്കാളിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2022 മാർച്ച് 30-ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിനെതിരായി “ ജനസഭ” എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ മയക്കമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരിവിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ തുടങ്ങിയവ സംഘടിപ്പിച്ചു. മന്ത്രിമാർ, എം.എൽ.എ.-മാർ, ജനപ്രതിനിധികൾ, പ്രമുഖ വ്യക്തിത്വങ്ങൾ, പൊലീസ്, എക്സൈസ് മേധാവികൾ, ആരോഗ്യ രംഗത്തെ പ്രമുഖർ തുടങ്ങിയവർ പ്രസ്തുത

പരിപാടിയിൽ സംബന്ധിക്കുകയുണ്ടായി. കൂടാതെ, 2022 ഒക്ടോബർ മുതൽ 2023 ജനുവരി വരെ നീണ്ടുനിന്ന വിവിധങ്ങളായ ക്യാമ്പയിനുകൾ യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുകയുണ്ടായി. ലഹരിവിരുദ്ധ സന്ദേശം ഉയർത്തിക്കൊണ്ടുള്ള കൂട്ടയോട്ടം, യുവ അഭിഭാഷകരുടെ കൂട്ടായ്മ, ട്രാൻസ്ജെൻ്റേഴ്സ് വിഭാഗങ്ങളിലുള്ളവരുടെ ക്യാമ്പയിൻ, ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ ഐ.റ്റി പ്രൊഫഷണലുകളുടെ ക്യാമ്പയിൻ എന്നിവ സംഘടിപ്പിച്ചു. ഇതുകൂടാതെ, യുവജനക്ഷേമ ബോർഡ് രൂപീകരിച്ച അവളിടം യുവതി ക്ലബ്ബുകളുടെ നേതൃത്വത്തിൽ 14 ജില്ലകളിലും ലഹരിക്കെതിരെയുള്ള കലാജാഥ “ ഉയിർപ്പ്" എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി. ഈ കലാജാഥയിൽ തെരുവുനാടകം, തെരുക്കൂത്ത്, ഫ്ളാഷ് മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപം, മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. കൂടാതെ ലഹരിക്കെതിരെയായി തിരുവനന്തപുരത്തുള്ള കരിമഠം, ചെങ്കൽച്ചൂള (രാജാജി നഗർ) എന്നിവിടങ്ങളിലെ ചെറുപ്പക്കാരുടെ പങ്കാളിത്തത്തോടുകൂടി ‘ Real to Reel’ എന്ന പേരിൽ ഒരാഴ്ച നീണ്ടുനിന്ന സിനിമ നിർമ്മാണ

ശിൽപശാലയും ബോർഡ് സംഘടിപ്പിക്കുകയുണ്ടായി. ലഹരിക്കെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി ഒരു പ്രചരണ ചിത്രവും നിർമ്മിക്കുകയുണ്ടായി.

യുവാക്കൾക്കിടയിൽ മയക്കു മരുന്നിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപയോഗംമൂലം വരുന്ന പെരുമാറ്റ പ്രശ്നങ്ങളും മാനസിക ആരോഗ്യ പ്രശ്നങ്ങളും നേരിടാനുള്ള നയരൂപീകരണം നടപ്പാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യനീതി വകുപ്പ് സ്റ്റേറ്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കി വരുന്നുണ്ട്. കൂടാതെ ഈ നയത്തിന്റെ ഭാഗമായി യുവാക്കൾക്കിടയിലും കുട്ടികൾക്കിടയിലും വർധിച്ച് വരുന്ന ആക്രമണങ്ങളും ലഹരി ഉപയോഗവും കുറയ്ക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി ഒരു പദ്ധതി രൂപീകരിക്കുന്നതിനും ആലോചിച്ചു വരുന്നു.

സാമൂഹ്യനീതി വകുപ്പ് നടത്തുന്ന പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി മാനസികരോഗ ചികിത്സ കഴിഞ്ഞ് ആരും ഏറ്റെടുക്കുന്നതിന് സാധ്യതയില്ലാത്തവരെ താമസിപ്പിച്ച് പുനരധിവാസ ഇടപെടൽ നടത്തുന്നതിന് 6 സർക്കാർ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകൾ നടത്തുന്ന 120-ൽ അധികം സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 42

സ്ഥാപനങ്ങൾക്ക് സൈക്കോ സോഷ്യൽ റിഹാബിലിറ്റേഷൻ പദ്ധതി പ്രകാരം സർക്കാർ ഗ്രാന്റും അനുവദിക്കുന്നുണ്ട്.

ശ്രീ. അൻവർ സാദത്ത്: സർ, കോവിഡ് കാലത്തിനുശേഷമാണ് യുവാക്കളിലും വിദ്യാർഥികളിലും വിഷാദരോഗങ്ങളും ആത്മഹത്യാപ്രേരണയും വലിയ തോതിൽ വർധിച്ചുവരുന്നതായി കണ്ടുവരുന്നത്. പലതരത്തിലുള്ള ഒറ്റപ്പെടലുകളിലൂടെ കടന്നുപോയ യുവാക്കളും വിദ്യാർഥികളും മൊബൈൽ ഫോണുകൾ കൂടുതലായി ആശ്രയിച്ചത് കോവിഡ് കാലത്താണ്. മൊബൈൽ ഫോണിനെ ആശ്രയിച്ചപ്പോൾ വീഡിയോ ഗെയിമിലേയ്ക്ക് കുട്ടികൾ പോകുന്നൊരു സാഹചര്യമുണ്ടായി എന്ന് നമുക്കെല്ലാവർക്കും അറിയാം. വീഡിയോ ഗെയിമിന്റെ ഉപയോഗത്തിലൂടെ പല അപകടങ്ങളിലേയ്ക്കും അവസാനം അവർ ആത്മഹത്യയിലേയ്ക്കെത്തുന്ന സാഹചര്യം വരെ ഉണ്ടാകുന്നു. ഇന്ന് നിരന്തരമായി കേട്ടുവരുന്ന യുവാക്കളിലെ അതിക്രമങ്ങളെല്ലാം ഇതിന്റെ അനന്തരഫലമാണെന്ന് നമുക്ക് കാണാൻ സാധിക്കും. അതിന് പരിഹാരമായുള്ള നിരവധി പരിപാടികളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് ഫലപ്രദമായി എപ്രകാരം നടപ്പാക്കാൻ

സാധിക്കും; യുവാക്കളെ നല്ല രീതിയിൽ പറഞ്ഞുമനസ്സിലാക്കാൻ കഴിയുന്ന വ്യക്തികളെ ഉൾപ്പെടുത്തിക്കൊണ്ട് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കാൻ സാധിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഇത് ശരിക്കുംപറഞ്ഞാൽ യുവാക്കളുടെ ഇടയിൽ വിഷാദം, ഉത്കണ്ഠ, മയക്കുമരുന്നിന്റെ ദുരുപയോഗം പോലുള്ള മാനസിക പ്രശ്നങ്ങൾ, പഠന സമ്മർദ്ദം, സാമ്പത്തികവും സാമൂഹ്യവുമായ പ്രശ്നങ്ങൾ, സൈബറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, അങ്ങ് സൂചിപ്പിച്ച മൊബൈലുമായി ബന്ധപ്പെട്ട ഉപയോഗങ്ങൾ, മറ്റ് സാമൂഹ്യമാധ്യമങ്ങളുമായിട്ടുള്ള ഇടപെടലുകൾ, സിനിമയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇതെല്ലാം യുവാക്കളുടെ ഇടയിൽ വല്ലാത്ത വിധത്തിലുള്ള മാനസിക പിരിമുറുക്കത്തിന് കാരണമാകുന്നു. ഇതിനെതിരായി ഒരു കൂട്ടായ പ്രവർത്തനമാണ് സർക്കാർ ഇപ്പോൾ സംഘടിപ്പിക്കുന്നത്. ഇപ്പോൾ എക്സൈസ്, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകളും വിവിധ ഏജൻസികളും ചേർന്ന് ധാരാളം കർമ്മ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ ഏറ്റവും പ്രഗത്ഭരായ ആളുകളെത്തന്നെ ഇതിൽ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബോധവൽക്കരണ ക്ലാസുകൾ എടുക്കുന്നുണ്ട്.

ഭാവിയിൽ കുറച്ചുകൂടി എല്ലാവരെയും യോജിപ്പിച്ചുകൊണ്ടുള്ളൊരു പ്രവർത്തനത്തിന് മുൻകൈ എടുക്കാൻ വേണ്ടിയുള്ള പരിശ്രമം നമുക്ക് നടത്താവുന്നതാണ്.

ശ്രീ. അൻവർ സാദത്ത്: സർ, തൊഴിലില്ലായ്മയാണ് ഇന്ന് യുവാക്കൾ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. അവരുടെ യോഗ്യതയ്ക്ക് അനുസരിച്ചുള്ള ജോലികൾ ലഭിക്കാനുള്ള സാധ്യതകൾ നമ്മുടെ സംസ്ഥാനത്തില്ല. കഴിഞ്ഞ ഒൻപത് വർഷമായി യുവാക്കളെ സർക്കാർ അവഗണിച്ചതായാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. മലയാളി യുവാക്കൾക്ക് യോഗ്യതയ്ക്കനുസരിച്ച് തൊഴിൽ ലഭിക്കാത്തത് മാനസിക പരിമുറുക്കമുണ്ടാക്കുന്നുണ്ട്. നിലവിലുള്ള പ്രശ്നങ്ങൾ അവലോകനം ചെയ്ത് കേരളത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമോ; തൊഴിലില്ലാതെ വരുമ്പോഴാണ് യുവജനങ്ങൾ മറ്റ് ചിന്താഗതിയിലേക്ക് പോകുന്നതും അനാവശ്യ പ്രവണതകൾക്ക് അവർ മാനസികമായി തയ്യാറെടുക്കുന്നതും. അതുകൊണ്ട് സർക്കാർ പ്രത്യേകിച്ച് യുവജനകാര്യവകുപ്പ് ഇടപെട്ട് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് അവരുടെ മാനസിക പിരിമുറുക്കത്തിന് അയവുവരുത്തുകയും അവരെ നല്ല മേഖലയിലേക്ക് എത്തിക്കുവാനും

സർക്കാരിന് സാധിക്കുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, തൊഴിൽ ചെയ്യുന്നതിന്റെ മാനസിക സമ്മർദ്ദമുണ്ടെന്നുള്ളത് നമ്മുടെ പഠന റിപ്പോർട്ടുകളിൽ വന്നിട്ടുണ്ട്. പക്ഷേ തൊഴിലില്ലാത്തതിന്റെ പേരിൽ ഏതെങ്കിലും മാനസിക സമ്മർദ്ദമുണ്ടാകുന്നതായി നമ്മുടെ ശ്രദ്ധയിൽ വന്നിട്ടില്ല. കേരളത്തിൽ തൊഴിൽ നൽകുന്നതിനുവേണ്ടിയുള്ള എല്ലാ സംവിധാനങ്ങളും സർക്കാർ ഒരുക്കുന്നുണ്ട്. അതിനുവേണ്ടിയുള്ള മൂലധനനിക്ഷേപങ്ങളും സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. തൊഴിൽ ആഗ്രഹിക്കുന്നവരുടെ കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ സർക്കാർ മുൻകൈ എടുത്ത് അവർക്ക് തൊഴിൽ നൽകാനുള്ള പരിശ്രമം നടത്തുന്നതാണ്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഏറ്റവും പ്രധാനപ്പെട്ട മാനസിക സമ്മർദ്ദത്തിന്റെ ഒരു കാരണമാണ് തൊഴിലില്ലായ്മ. ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന യുവജന ക്ഷേമ ബോർഡ് റിപ്പോർട്ട് സമർപ്പിച്ചെന്നകാര്യം അങ്ങ് സൂചിപ്പിച്ചു. യുവജന ക്ഷേമ ബോർഡിന്റെ പരിമിതികളെക്കുറിച്ച് അങ്ങേക്ക് നല്ല ബോധ്യമുണ്ടല്ലോ? ആ പരിമിതിക്കകത്ത് ചെയ്ത കാര്യങ്ങളാണ് സൂചിപ്പിച്ചത്. സർക്കാർ, ലഹരിയെ

വളരെ ഗൗരവപൂർവ്വം കാണണം. പരീക്ഷകളിലെ പരാജയം, പ്രണയനൈരാശ്യം എന്നിങ്ങനെ ചെറിയ ഒരു പരാജയങ്ങളിൽപ്പോലും കുട്ടികൾ പെട്ടെന്ന് അതിവൈകാരികതയിലേക്കെത്തി കൊലപാതകത്തിലേക്കും ആത്മഹത്യയിലേക്കുമൊക്കെ പോകുന്ന സാഹചര്യമുണ്ടാകുകയാണ്. ഇക്കാര്യത്തെക്കുറിച്ച് പ്രത്യേക പരിശോധനയും പഠനവും നടത്തി അത് പരിഹരിക്കാനാവശ്യമായ എന്തെങ്കിലും നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ഇത്തരത്തിലുള്ള ഒരു പഠനം നടത്തിയെന്നും അതിന്റെ ഭാഗമായി ഒരു റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്നും നേരത്തെ എന്റെ മറുപടിയിൽത്തന്നെ പറഞ്ഞതാണ്. ആ പഠനത്തിൽ പരാമർശിക്കുന്ന കാര്യങ്ങൾ തുടർപ്രവർത്തനമെന്ന നിലയിൽ ഏറ്റെടുത്ത് നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി തൊഴിലില്ലാത്തതുമൂലം യുവജനങ്ങൾക്ക് മാനസിക സമ്മർദ്ദം ഉണ്ടാകുന്നില്ലെന്ന് പറഞ്ഞ അഭിപ്രായം വളരെ വേദനാജനകമാണ്. ഐ.റ്റി.

മേഖലയിലടക്കം ജോലി ചെയ്യുന്ന യുവാക്കൾക്ക് ജോലി സമ്മർദ്ദം വർധിച്ചുവരുന്നുവെന്ന് അടുത്തകാലത്ത് നടന്നിട്ടുള്ള സംഭവങ്ങൾ തെളിയിക്കുകയാണ്. സ്ത്രീകൾ അടക്കം എട്ട് മണിക്കൂറിലധികം ജോലി ചെയ്യുകയും നൈറ്റ് ഷിഫ്റ്റ് അടക്കമുള്ള ജോലിയിൽ പോകേണ്ട അവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്. അടുത്തകാലത്ത് പൂനെയിൽ ഒരു അന്താരാഷ്ട്ര കമ്പനിയിൽ ജോലി ചെയ്യുന്ന മലയാളി പെൺകുട്ടിയുടെ ആത്മഹത്യയെത്തുടർന്ന് ഐ.റ്റി. മേഖലയിലെ ചൂഷണം സമൂഹത്തിൽ വലിയ ചർച്ചയായിരുന്നു. കേരളത്തിലെ ഐ.റ്റി. പാർക്കുകളിലും സമാന സ്ഥിതിയാണുള്ളത്. ഇത് പരിഹരിക്കുന്നതിന് ആവശ്യമായ പഠനം നടത്തിയെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ മറുപടിയിലുണ്ട്. ഇത്തരം നടപടികൾ സ്വീകരിക്കുന്ന കമ്പനികൾക്കെതിരെ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത്?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ഞാൻ പറഞ്ഞതിനെ അങ്ങ് തെറ്റിദ്ധരിച്ച് സംസാരിച്ചതാണ്. തൊഴിലില്ലായ്മയെക്കുറിച്ച് പറഞ്ഞ കൂട്ടത്തിൽ യഥാർത്ഥത്തിൽ തൊഴിൽ ചെയ്യുന്ന മേഖലയിലെ സമ്മർദ്ദങ്ങളും പ്രയാസങ്ങളും മാനസികാവസ്ഥയ്ക്ക് മാറ്റം വരുത്താനിടവരുത്തുന്നുവെന്നാണ്

ഞാൻ പറഞ്ഞത്. എന്നാൽ കേരളത്തിൽ തൊഴിലില്ലായ്മയുടെ പേരിൽ ആർക്കെങ്കിലും ഏതെങ്കിലും തരത്തിലുള്ള മാനസിക പ്രയാസമുണ്ടായതായോ അലഞ്ഞുതിരിഞ്ഞ് നടക്കുന്നതായോ എന്റെ ശ്രദ്ധയിൽപ്പെടാത്ത കാര്യം എനിക്ക് അങ്ങയോട് സമ്മതിക്കാൻ പറ്റുമോ? അങ്ങനെയുള്ള കാര്യത്തിൽ എന്തെങ്കിലും തെളിവുണ്ടെങ്കിൽ ലഭ്യമാക്കിയാൽ പരിശോധിച്ച് പരിഹരിക്കാം.

നമ്മുടെ മുമ്പിൽ മാനസിക സമ്മർദ്ദമുണ്ട്. ആറ് മണിക്കൂറോ എട്ട് മണിക്കൂറോ ജോലി ചെയ്യേണ്ട സ്ഥലത്ത് 12-ഉം 16-ഉം മണിക്കൂർ ജോലി ചെയ്യിപ്പിക്കുന്നുണ്ടെന്നത് ശരിയാണ്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. ഐ.റ്റി. മേഖലയിൽ പ്രശ്നങ്ങളുണ്ട്. അങ്ങ് പറഞ്ഞതുപോലെതന്നെ നമ്മൾ ഇപ്പോൾ നൽകിയ റിപ്പോർട്ടിൽ Mental Health of Youth at work എന്നുപറയുന്ന ഒരു പ്രോജക്റ്റ് പഠന വിധേയമാക്കി എല്ലാ മേഖലയിലുമുള്ള യുവാക്കളുടെയും പ്രശ്നങ്ങൾ സംബന്ധിച്ചുള്ള കാര്യങ്ങൾ ശേഖരിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. അടുത്ത ഒരു വർഷത്തിനുള്ളിൽ ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യുവാക്കൾക്കിടയിൽ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമെന്ന് സഭയ്ക്ക് ഞാൻ

ഉറപ്പുനൽകിയിരിക്കുകയാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: സർ, Anxiety, Depression, Acute Mood Swings, Work Pressure, Panic Attack തുടങ്ങിയ പദങ്ങളും അവസ്ഥകളും ചെറുപ്പക്കാർക്കിടയിൽ ഏറ്റവും സ്വാഭാവികമായി നിത്യേന ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കൃത്യവും ശാസ്ത്രീയവുമായ മനഃശാസ്ത്ര ചികിത്സയിലൂടെ പരിഹരിക്കാവുന്ന പ്രശ്നങ്ങളാണ് കൂടുതലും. പക്ഷേ അത് പരിഹരിക്കപ്പെടാത്തതുകൊണ്ടുതന്നെ Substance abuse-ലൂടെയും violence-ലൂടെയും ആത്മഹത്യയിലും ഉറ്റവരുടെ കൊലപാതകത്തിലുമൊക്കെ എത്തിച്ചേരുകയാണ്. ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ സേവനം തേടുകയെന്നതാണ് ഉപാധി. വളരെ പ്രശസ്തരായ ഓങ്കോളജിസ്റ്റിനെയോ ന്യൂറോളജിസ്റ്റിനെയോ കൺസൽട്ട് ചെയ്യുന്നതിനെക്കാൾ ചെലവേറിയതാണ് ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ കണസൾട്ടേഷൻ. ഒരു സിറ്റിംഗുകൊണ്ട് ചികിത്സ അവസാനിക്കുകയുമില്ല. തൊഴിലുള്ളതും തൊഴിലില്ലാത്തതുമായ യുവാക്കൾക്കിടയിൽ ഏറ്റവും രൂക്ഷമായി പടർന്നുകൊണ്ടിരിക്കുന്ന ഈ മാനസികപ്രശ്നങ്ങളെ പരിഹരിക്കാൻ ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ

സേവനം യുവജനകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ ക്യാമ്പുകളായോ സിറ്റിംഗുകളായോ ഏർപ്പെടുത്തിയാൽ ആ പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്. അങ്ങനെയെന്തെങ്കിലും ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, നിലവിലുള്ള സംവിധാനത്തിൽ ജില്ലാ താലൂക്ക് ആശുപത്രികളിലെ psychiatry യൂണിറ്റുകൾവഴിയും മാനസിക ആരോഗ്യ പരിപാടിയിൽ ഇന്ന് സംസ്ഥാനത്ത് നടത്തുന്ന 306 ക്ലിനിക്കുകൾ വഴിയും മാനസികാരോഗ്യ സേവനങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നു. ഇതിനുപുറമേ യുവാക്കളിൽ വർധിച്ചുവരുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ നേരത്തെതന്നെ കണ്ടെത്തി ചികിത്സ ലഭ്യമാക്കുന്നതിനും ആത്മഹത്യ തടയുവാനും 'സമ്പൂർണ്ണ മാനസികാരോഗ്യം പദ്ധതി' കേരളത്തിൽ നടപ്പാക്കും. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. മാനസിക പ്രശ്നങ്ങളും വൈകല്യങ്ങളും ലഹരി വസ്തുക്കളുടെ ഉപയോഗങ്ങളും കണ്ടെത്തി തൊട്ടടുത്തുള്ള കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ചികിത്സയും മറ്റ് സേവനങ്ങളും ആരോഗ്യ വകുപ്പിന്റെ 'ആശ്വാസം പദ്ധതി' വഴി നടപ്പാക്കുന്നുണ്ട്. അതുപോലെ

'ജീവൻ രക്ഷ പദ്ധതി'-യും ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് നടത്തുന്നുണ്ട്. അങ്ങയുടെ ചോദ്യത്തിന്റെ അവസാന ഭാഗത്ത് പറഞ്ഞത്, നമ്മുടെ യുവജനകാര്യക്ഷേമ മേഖലയിലുള്ള സർക്കാർ സ്ഥാപനങ്ങളെ ഉപയോഗിച്ച് ഇത്തരത്തിലുള്ള പ്രോജക്ടുകൾ നടപ്പാക്കാൻ സാധിക്കുമോ എന്നാണ്. നമുക്ക് സാമ്പത്തിക പരിമിതിയുണ്ടെങ്കിലും യുവജന നേതാവ് എന്ന നിലയിൽ അങ്ങ് ഉന്നയിച്ച പ്രശ്നം ഗൗരവമായി കാണുന്നുണ്ട്. അതിനനുസരിച്ചുള്ള പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു.

<u>ശ്രീ. എം. വിജിൻ</u>: സർ, ക്രൂരകൃത്യങ്ങളും ലഹരി ഉപയോഗങ്ങളും വളരെ നിസാരമായി അവതരിപ്പിക്കുന്ന സിനിമാരംഗങ്ങൾ കുട്ടികളിലും യുവാക്കളിലും വലിയ രീതിയിലുള്ള സ്വാധീനം ചെലുത്തുകയും ലഹരിയോട് ആസക്തി വളർത്തുകയും ചെയ്യുന്നുണ്ട്. അക്കാര്യം കണക്കിലെടുത്ത് ഇങ്ങനെയുള്ള പ്രശ്നങ്ങളെ പരിഹരിക്കാൻ ഇത്തരം സിനിമ നിർമ്മിക്കുന്നത് ഒഴിവാക്കാൻ സിനിമ സംഘടനകളുമായും നിർമ്മാതാക്കളുമായി പ്രത്യേക ചർച്ച നടത്തി പരിഹാരം കാണുമോ; അതോടൊപ്പം, അങ്ങ് ഇവിടെ സൂചിപ്പിച്ച വിഷയം നേരത്തെതന്നെ കണ്ടെത്തി ചികിത്സ

ലഭ്യമാക്കുകയെന്നത് ആത്മഹത്യകൾ ഒഴിവാക്കാൻ വളരെ പ്രധാനപ്പെട്ടതാണ്. അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ലഹരിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെല്ലാം വളരെ ഗൗരവമായി കേരളീയ സമൂഹം ചർച്ച ചെയ്യുന്ന ഘട്ടം എന്ന നിലയിൽ സിനിമയുമായി ബന്ധപ്പെട്ട ധാരാളം കാര്യങ്ങൾ വരുന്നുണ്ട്. സിനിമ നിർമ്മാണം പൂർത്തിയായാൽ സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷനാണ് അവർക്ക് പ്രദർശാനാനുമതി നൽകുന്നത്. അതിന്റെ ഭാഗമായി ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ വിഷയമുള്ളതിനാൽ സിനിമയുടെ ഉള്ളടക്കത്തിന്റെ കാര്യത്തിൽ സർക്കാരിന് ഇടപെടാൻ പരിമിതികളുണ്ട്. ഇത്തരം പരാതികൾ സർക്കാർ സെൻസർ ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. കഴിഞ്ഞ ദിവസം ഇതുമായി ബന്ധപ്പെട്ട് സിനിമ രംഗത്തെ പ്രധാനപ്പെട്ട വ്യക്തികളുമായി യോഗംചേരുകയും ഇത്തരത്തിലുള്ള സിനിമകളെ ഒരുതരത്തിലും പ്രോത്സാഹിപ്പിക്കാൻ പാടില്ലെന്നുള്ള നിർദേശം അവർ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി മയക്കുമരുന്ന് ഉപയോഗവും അക്രമവാസനകൾ പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ പ്രവണതകൾ സിനിമയിൽ പ്രദർശിപ്പിക്കുന്നത് തടയുന്ന

കാര്യത്തിലും അതുപോലെ ഒ.ടി.ടി.-യിൽ പ്രദർശിപ്പിക്കുന്ന സിനിമകൾക്ക് സെൻസറിംഗ് ഏർപ്പെടുത്തുന്നത് സംബന്ധിച്ചും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര വാർത്താവിതരണ മന്ത്രാലയത്തിന്റെയും സെൻസർ ബോർഡിന്റെയും ശ്രദ്ധയിൽ ഇക്കാര്യങ്ങൾ കൊണ്ടുവന്നിട്ടുണ്ടെന്ന് സഭയെ ഞാൻ അറിയിക്കുകയാണ്.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, കോവിഡ് മഹാമാരിക്കുശേഷം നമ്മുടെ പൊതുജനാരോഗ്യത്തിൽ ഗണ്യമായ ചില വ്യതിയാനങ്ങൾ പോസ്റ്റ് കോവിഡ് ഇഫക്റ്റുണ്ടാക്കിയിട്ടുള്ളതായി പറയപ്പെടുന്നു. 40 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ളവരിൽ, പ്രത്യേകിച്ച് യുവാക്കളിലുമെല്ലാം മരണനിരക്ക് കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ യുവാക്കളുടെ മാനസികവും ശാരീരികവുമായ ഈ പ്രശ്നം പഠിക്കുന്നതിനും അതിനെ അടിസ്ഥാനമാക്കിയുള്ള നടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ഇതിനെക്കുറിച്ച് ഇവിടെ

വിശദീകരിച്ചതാണ്. ആത്മഹത്യാപ്രവണതയും അക്രമവാസനയും കൂടുന്നുണ്ടെന്നതിൽ സംശയമില്ല. അതിന് പല കാരണങ്ങളുണ്ട്. അതുസംബന്ധിച്ച പഠന റിപ്പോർട്ടാണ് ലഭ്യമായിട്ടുള്ളത്. അക്കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിലുണ്ട്. അക്കാര്യത്തിൽ തുടർനടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, നമ്മൾ ചർച്ച ചെയ്തതിൽ ഏറ്റവും ഗൗരവമുള്ള വിഷയമായാണ് ഞാൻ ഇതിനെ കാണുന്നത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞതുപോലെ വളരെ വ്യാപകവും വിശാലവുമായ കാര്യമാണിത്. ഇതിന്റെ കാരണങ്ങളെക്കുറിച്ചാണ് ചർച്ച ചെയ്യേണ്ടത്. അടിസ്ഥാനപരമായ വെല്ലുവിളികൾ എല്ലാക്കാലത്തുമുള്ളതാണ്. ആ വെല്ലുവിളികളെ നേരിടാനുള്ള ശേഷി അവരിൽ വളർത്തുന്നതിൽ നമ്മൾ പരാജയപ്പെടുകയാണ്. കാരണം, നമ്മുടെ വിദ്യാഭ്യാസം ഫോക്കസ് ചെയ്യുന്നത് ഐ.ക്യൂ.-വിലാണ്. ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ വിദ്യാർഥികളുടെ ഇ.ക്യൂ. ലെവൽ വളരെ കുറവാണ്. അതുകൊണ്ട് ഇക്കാര്യങ്ങൾ ഏതെങ്കിലും ഒരു വകുപ്പ് മാത്രം കൈകാര്യം ചെയ്യേണ്ട വിഷയമല്ല. I think there should be a

comprehensive approach. നമ്മുടെ വിദ്യാഭ്യാസം, ആരോഗ്യം, സാംസ്കാരികം എന്നീ വകുപ്പുകൾ ചേർന്ന് കൈകാര്യം ചെയ്യേണ്ട വിഷയങ്ങളാണിവ. ബഹുമാനപ്പെട്ട സ്പീക്കറോട് ഒരു അഭ്യർത്ഥനയുള്ളത് ഈ വിഷയത്തിൽ അരമണിക്കൂർ ചർച്ച നിയമസഭയിൽ നടത്തുകയാണെങ്കിൽ നമ്മൾ യുവാക്കളോട് ചെയ്യുന്ന ഒരു നീതിയായിരിക്കും. അതിനുവേണ്ടിയുള്ള ഒരപേക്ഷയായി അങ്ങിതിനെ പരിഗണിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. ദിവസേന കാണുന്ന ഏറ്റവും ഗൗരവമുള്ള വിഷയമാണിത്.

ശ്രീ. സജി ചെറിയാൻ: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് ഗൗരവമായ വിഷയമാണ്. ഇപ്പോൾത്തന്നെ ആരോഗ്യം, വിദ്യാഭ്യാസം, സാംസ്കാരിക, യുവജനകാര്യം എന്നീ വകുപ്പുകൾ ചേർന്ന് വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. അങ്ങ് പറഞ്ഞത് ശരിയാണ്. ഒരു യോജിച്ച തലത്തിലുള്ള കൂട്ടായ്മ അതിലാവശ്യമാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ മുമ്പിൽ അങ്ങ് സമർപ്പിച്ച കാര്യത്തിൽ ഞാൻ യോജിക്കുകയാണ്. അക്കാര്യത്തിൽ ഒരു ചർച്ച നടത്തുന്നത് നല്ലതായിരിക്കുമെന്നുകൂടി പറയുകയാണ്.

മി. സ്പീക്കർ: ഇക്കാര്യം നമുക്ക് കാര്യോപദേശക സമിതിയിൽ ചർച്ച

ചെയ്ത് തീരുമാനിക്കാം.

ശ്രീമതി ഒ. എസ്. അംബിക: സർ, അടുത്ത കാലത്തായി യുവാക്കളുടെ മാനസിക പ്രശ്നങ്ങൾ സങ്കീർണമായ സാഹചര്യം നിലവിലുണ്ട്. ഇത് പരിഹരിക്കുന്നതിന് ശാസ്ത്രീയമായ ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, പ്രസ്തുത വിഷയം സംബന്ധിച്ച് ശാസ്ത്രീയപഠനം നടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമാണ്. ആയത് നടപ്പാക്കാൻ സർക്കാർ ശ്രമിക്കുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, യുവാക്കളുടെ ആത്മഹത്യപോലെതന്നെ ഒരു പ്രശ്നമാണ് കുട്ടികൾക്കിടയിലെ ആത്മഹത്യ. കഴിഞ്ഞ ദിവസം എന്റെ നിയോജകമണ്ഡലത്തിലെ നെടുമ്പനയിൽ ഒമ്പത് വയസ്സുള്ള ഒരു കുട്ടി ആത്മഹത്യ ചെയ്തു. ഈ പ്രായത്തിലൊരു കുട്ടിക്ക് ആത്മഹത്യ ചെയ്യേണ്ടതെങ്ങനെയാണെന്ന് ചിന്തിക്കാൻ കഴിയുമോ എന്നൊക്കെ സംശയിച്ചാണ് ഞങ്ങൾ അവിടെ എത്തിയത്. എന്നാൽ ഇപ്പോൾ പത്രങ്ങളിൽ, പത്താം ക്ലാസിൽ പഠിക്കുന്ന കുട്ടി, 13 വയസ്സായ കുട്ടി ഒക്കെ ആത്മഹത്യ ചെയ്തു എന്നൊക്കെയുള്ള വാർത്തകളാണ് നിരന്തരം

വന്നുകൊണ്ടിരിക്കുന്നത്.

സ്കൂളുകളിൽ കൗൺസിലിംഗ് സംവിധാനങ്ങൾ കൂടുതൽ വിപുലപ്പെടുത്തണം. ഇതുസംബന്ധിച്ച് ഒരു നിർദേശം സൂചിപ്പിക്കാനുള്ളത്, സ്കൂളുകളിൽ ക്ലാസ് നടക്കുന്ന സമയത്ത്, കൗൺസിലിംഗിനായി കുട്ടിയെ എച്ച്.എം.-ന്റെ മുറിയിലേക്ക് എത്തണമെന്ന അറിയിപ്പ് നൽകുന്ന അപരിഷ്കൃത രീതി പല സ്ഥലങ്ങളിലും സ്വീകരിക്കുന്നുണ്ട്. ഇതൊക്കെ വളരെ ശാസ്ത്രീയമായി ചെയ്യേണ്ട കാര്യങ്ങളാണ്. ഇത്തരം കുട്ടികളെ പരിഗണിക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനും കൗൺസിലിംഗ് നൽകാനും എല്ലാ സ്കൂളുകളിലും ആഴ്ചയിൽ ഒരിക്കലെങ്കിലും ശാസ്ത്രീയമായ കൗൺസിലിംഗിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുവേണ്ടി സാംസ്കാരികം, യുവജനകാര്യം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകൾ സംയുക്തമായി പദ്ധതി നടപ്പാക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, പ്രസ്തുത വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത്, മിക്ക ഹയർ സെക്കൻഡറി സ്കൂളുകളിലും വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായി കൗൺസിലിംഗിനായി പ്രത്യേക റൂമുകളും സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ സ്കൂളുകളിലും ഈ സംവിധാനം

നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. അങ്ങ് സൂചിപ്പിച്ചതുപോലെ, നിശ്ചിത കേന്ദ്രങ്ങളിൽ കൗൺസിലിംഗ് ആവശ്യമായ കുട്ടികളെ മാത്രം എത്തിച്ച് അവർക്ക് പ്രത്യേക പരിശീലനം നൽകേണ്ടത് ആവശ്യമാണ്. പ്രസ്തുത നിർദേശം പരിഗണിച്ച് മറ്റുവകുപ്പുകളുമായി ചർച്ചചെയ്ത് ഉചിതമായ നടപടി സ്വീകരിക്കാം.

ശ്രീ. കെ. പ്രേംകുമാർ: സർ, ഏറെ ഗൗരവമുള്ളതും സമൂഹം വളരെയേറെ പ്രാധാന്യത്തോടുകൂടി ചർച്ചചെയ്യേണ്ടതുമായ വിഷയമാണ് യുവാക്കൾക്കിടയിലുള്ള മാനസികാരോഗ്യത്തിന്റെ കുറവ്. അത് പരിഹരിക്കുന്നതിനുവേണ്ടി വ്യത്യസ്തവും സമഗ്രവുമായ ഇടപെടൽ ആവശ്യമാണ്. എന്നാൽ നിലവിലുള്ള സാഹചര്യത്തിൽ, യുവാക്കൾക്കിടയിലുള്ള മാനസിക പ്രശ്നങ്ങൾക്ക് ടെലിഫോൺ മുഖേനയുള്ള സേവനങ്ങൾ സംസ്ഥാനത്ത് ലഭ്യമാണോ; അതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, ടെലിഫോൺവഴി കൗൺസിലിംഗിനും അറിവുകൾ പകരുന്നതിനും നിലവിൽ സംവിധാനങ്ങളുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം

സൂചിപ്പിച്ചതുപോലെ, പ്രസ്തുത സൗകര്യം കുറച്ചുകൂടി വിപുലപ്പെടുത്തി കൂടുതൽ ആളുകളിലേക്ക് എത്തിക്കാം. നിലവിൽ അത്തരത്തിലൊരു സംവിധാനം വകുപ്പുതലത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

**പട്ടികജാതി-പട്ടികവർഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം**

4 (*364) <u>ശ്രീ. സി. സി. മുകുന്ദൻ</u>:
<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>:
<u>ശ്രീ. വി. ശശി</u>:
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക ക്ഷേമത്തിന് ധനസഹായം ലഭ്യമാക്കുന്നതിൽ കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നിർണായകമായ ഇടപെടൽ നടത്തുന്നുണ്ടോ; വിശദമാക്കുമോ;

(ബി) യുവസംരംഭകരുടെ നൂതനാശയങ്ങൾക്ക് പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുന്ന പദ്ധതി കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുണ്ടോ; പ്രൊഫഷണൽ കോഴ്സുകൾ പാസായ പട്ടികജാതി-

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഈ പദ്ധതി പ്രകാരം എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിലെ യുവാക്കളെ സംരംഭകരും മികച്ച വരുമാനമുള്ളവരുമാക്കി മാറ്റുന്നതിനുവേണ്ടി ആരംഭിച്ച ആദിവാസി സംരംഭക വായ്പ പദ്ധതി പ്രകാരം എന്തെല്ലാം സംരംഭങ്ങൾക്കാണ് സഹായം നൽകിവരുന്നത്; വിശദീകരിക്കുമോ;

(ഡി) പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകളുടെ ശാക്തീകരണത്തിനായി കുടുംബശ്രീയുമായി സഹകരിച്ച് കോർപ്പറേഷൻ നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, (എ) പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് മിതമായ പലിശ നിരക്കിൽ അവരുടെ താൽപര്യങ്ങൾക്കനുസരിച്ച് 50,000/- രൂപ മുതൽ 50 ലക്ഷം രൂപ വരെ വിവിധ വരുമാനദായക ക്ഷേമ പദ്ധതികളിലൂടെ കോർപ്പറേഷൻ വായ്പകൾ ലഭ്യമാക്കുന്നുണ്ട്. അതുവഴി

അവരുടെ സാമ്പത്തികനില മെച്ചപ്പെടുത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ട് വരുന്നതിനാണ് കോർപ്പറേഷൻ നിലകൊള്ളുന്നത്. വളരെ ചെറിയ രീതിയിൽ 4 ശാഖകളുമായാണ് കോർപ്പറേഷൻ 1972-ൽ പ്രവർത്തനം ആരംഭിച്ചത്. ഇപ്പോൾ കേരളത്തിലെ 14 ജില്ലകളിലും ജില്ലാ ബ്രാഞ്ചുകളും കിളിമാനൂർ, വണ്ടൂർ, ചേലക്കര എന്നിവിടങ്ങളിൽ ഉപജില്ലാ ഓഫീസുകളും കോർപ്പറേഷനുണ്ട്. നാളിതുവരെ 218000 പേർക്ക് വിവിധ ആവശ്യങ്ങൾക്കുള്ള വായ്പകൾ നൽകാൻ കോർപ്പറേഷനായിട്ടുണ്ട്. സംസ്ഥാനസർക്കാരിന്റെ മൂലധന സഹായവും കേന്ദ്ര പട്ടികജാതി-പട്ടികവർഗ വികസന കോർപ്പറേഷനുകളുടെ പുനർവായ്പാ സഹായവും ഉപയോഗിച്ച് സംസ്ഥാന പട്ടികജാതി-പട്ടികവർഗ വികസന കോർപ്പറേഷൻ നൽകുന്ന വിവിധ വായ്പാപദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ കോർപ്പറേഷൻ നൽകിയ വായ്പകളുടെ എണ്ണവും തുകയും അനുബന്ധമായി+ ചേർക്കുന്നു.

(ബി) കോർപ്പറേഷൻ നടപ്പാക്കിവരുന്ന എല്ലാ പദ്ധതികളും യുവ സംരംഭകർക്കുകൂടി പ്രയോജനപ്പെടുന്ന തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആയവയ്ക്കുപുറമേ യുവ സംരംഭകരുടെ നൂതന ആശയങ്ങൾ

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്

പ്രോത്സാഹിപ്പിക്കുന്നതിനായി കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് 'സ്റ്റാർട്ട് അപ്പ് സംരംഭകർക്കുള്ള വായ്പാ പദ്ധതി'. ഈ പദ്ധതിയിൻകീഴിൽ സാങ്കേതിക വിദ്യയിലും പുതിയ ബിസിനസ് ആശയങ്ങളിലും അധിഷ്ഠിതമായ യുവസംരംഭകരുടെ നൂതന സംരംഭങ്ങൾക്കാണ് പ്രാമുഖ്യം നൽകുന്നത്. പരമാവധി പദ്ധതി തുക 50.00 ലക്ഷം രൂപയാണ്. വായ്പയുടെ പലിശ നിരക്ക് 7 ശതമാനവും തിരിച്ചടവ് കാലാവധി 5 മുതൽ 7 വർഷം വരെയുമാണ്. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി (പരമാവധി) 25 ലക്ഷം രൂപയാണ്.

കൂടാതെ നിശ്ചിത പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയും വൈദഗ്ധ്യവുമുള്ള (ഡോക്ടർ, എഞ്ചിനീയർ, ചാർട്ടേർഡ് അക്കൗണ്ടന്റ്, ഫാർമസിസ്റ്റ് തുടങ്ങിയ) പട്ടികജാതിയിൽപ്പെട്ട യുവതീയുവാക്കൾക്ക് സ്വന്തമായി പ്രാക്ടീസ് ചെയ്യുന്നതിനോ സ്വയം തൊഴിൽ ചെയ്യുന്നതിനോ പരമാവധി 5.00 ലക്ഷം രൂപ വരെ വായ്പ നൽകുന്നതിന് കോർപ്പറേഷൻ ആരംഭിച്ച പദ്ധതിയാണ് 'പ്രൊഫഷണൽ സർവീസ് പദ്ധതി'. വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷമാണ്. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി (പരമാവധി) 3.50 ലക്ഷം രൂപയാണ്.

സ്വയംതൊഴിൽ സംരംഭം തുടങ്ങാൻ താൽപര്യമുള്ള പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് അവരുടെ അഭിരുചിക്കനുസരിച്ചുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ആയത് സംബന്ധിച്ച് പരിശീലനം നൽകി വിജയകരമായ സംരംഭം നടത്തുന്നതിന് പ്രാപ്തരാക്കുന്ന ഒരു സംരംഭകത്വ വികസന പരിശീലന പരിപാടി നടത്താൻ 2025-26 വർഷം കോർപ്പറേഷൻ ലക്ഷ്യമിടുന്നുണ്ട്.

(സി) പട്ടികവർഗ വിഭാഗത്തിലെ യുവാക്കളെ സംരംഭകരും മികച്ച വരുമാനമുള്ളവരുമാക്കി മാറ്റുന്നതിനുവേണ്ടി ആരംഭിച്ച ആദിവാസി സംരംഭക വായ്പ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ഡി) പട്ടികവർഗ വിഭാഗത്തിലെ സ്ത്രീകളുടെ ശാക്തീകരണത്തിനായി കുടുംബശ്രീയുമായി സഹകരിച്ച് കോർപ്പറേഷൻ നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

(എ) <u>ആദിവാസി മഹിളാ ശാക്തീകരണ പദ്ധതി (കുടുംബശ്രീ)</u>:

കോർപ്പറേഷൻ സംസ്ഥാന കുടുംബശ്രീ മിഷനുമായി ചേർന്ന് വനിതകളുടെ ഗ്രൂപ്പുകൾക്ക് (അയൽക്കൂട്ടങ്ങൾക്ക്) ജാമ്യമില്ലാതെ വായ്പ

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്

നൽകുന്ന മൈക്രോ ഫിനാൻസ് പദ്ധതിയാണിത്. 10 പേരുൾപ്പെട്ട ഒരു സംഘത്തിന് നൽകുന്ന പരമാവധി തുക 5 ലക്ഷം രൂപയാണ്. പലിശ നിരക്ക് 5 ശതമാനവും തിരിച്ചടവ് കാലയളവ് 4 വർഷവുമാണ്. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി 3,00,000/- രൂപയാണ്.

(ബി) <u>സി.ഡി.എസ്. മുഖേന കുടുംബശ്രീ അംഗങ്ങൾക്കുള്ള വായ്പാ പദ്ധതി</u>:

കോർപ്പറേഷൻ സംസ്ഥാന കുടുംബശ്രീ മിഷന്റെ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി (CDS)-കൾവഴി അവയ്ക്കുകീഴിൽവരുന്ന അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്ക് ജാമ്യമില്ലാതെ വായ്പ നൽകുന്ന മൈക്രോ ഫിനാൻസ് പദ്ധതിയാണിത്. പരമാവധി 1 ലക്ഷം രൂപയാണ് വായ്പാ തുക. തിരിച്ചടവ് കാലാവധി 4 വർഷവും പലിശ നിരക്ക് 6 ശതമാനവുമാണ്.

ജാമ്യമില്ലാതെ വനിതാ ശാക്തീകരണ പദ്ധതികൾ (ഗ്രൂപ്പ്), (സി.ഡി.എസ്.) വഴി നൽകിയ വായ്പകളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്

ശ്രീ. സി. സി. മുകുന്ദൻ: സർ, പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ സോഫ്റ്റ്‌വെയർ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, നേരത്തെ 'Corp net' എന്ന സോഫ്റ്റ്‌വെയറാണ് ഉപയോഗിച്ചിരുന്നത്. ടി സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം സംബന്ധിച്ച് വലിയ തോതിലുള്ള പരാതികളുണ്ടായിരുന്നു. നിലവിൽ പിന്നാക്ക വികസന കോർപ്പറേഷൻ ഉപയോഗിച്ചിരുന്ന സോഫ്റ്റ്‌വെയറിന് അനുസൃതമായി കെ.എസ്.ഡി.സി. സ്മാർട്ട് എന്ന പുതിയ സോഫ്റ്റ്‌വെയറാണ് ഉപയോഗിക്കുന്നത്. ടി സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

ശ്രീ. സി. സി. മുകുന്ദൻ: സർ, പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം കേരളത്തിലെ 35 ലക്ഷത്തോളം വരുന്ന പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിൽ എത്തിച്ചേരുന്ന തരത്തിൽ വിപുലീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, നേരത്തെ നൽകിയ ഉത്തരത്തിൽ സൂചിപ്പിച്ചതുപോലെ, കേരളത്തിലെ പതിനാല് ജില്ലകളിലും പ്രസ്തുത

വിഭാഗത്തിന്റെ ഓഫീസുകളുണ്ട്. കൂടാതെ മൂന്ന് ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 35 ലക്ഷത്തോളം വരുന്ന എസ്.സി. വിഭാഗത്തിലുൾപ്പെട്ട എല്ലാവർക്കും സേവനം ലഭിക്കാൻ കഴിയുന്ന രൂപത്തിൽ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനെക്കുറിച്ചാണ് ആലോചിക്കുന്നത്. താലൂക്കുകൾക്കകത്ത് പട്ടികജാതി വിഭാഗത്തിന്റെ ജനസംഖ്യയുടെ സ്വഭാവത്തിനനുസരിച്ച് ഘട്ടംഘട്ടമായി ഇത് വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നു. 2025-26 സാമ്പത്തിക വർഷം ഏതാനും ശാഖകൾകൂടി ആരംഭിക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പട്ടികജാതി-പട്ടികവർഗ വികസന കോർപ്പറേഷൻ പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് വിവിധങ്ങളായ വായ്പാ പദ്ധതികളിലൂടെ സ്വയംപര്യാപ്തത ഉറപ്പുവരുത്താനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. എന്നാൽ വായ്പ വാങ്ങിയതിനുശേഷം, ദീർഘകാലങ്ങളായി പല പ്രശ്നങ്ങൾ കാരണം തുക തിരിച്ചടയ്ക്കാൻ കഴിയാതെ വരികയും അത് കോർപ്പറേഷന്റെ പ്രവർത്തനത്തെ ബാധിക്കുന്ന സാഹചര്യവുമാണ്. ഈ സാഹചര്യത്തിൽ കോർപ്പറേഷനിൽ ദീർഘകാലമായുള്ള കുടിശ്ശിക

നിവാരണം ചെയ്യാനുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ; നടപ്പാക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ശ്രീ. പി. രാജീവ്: സർ, വളരെ പ്രസക്തമായ ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. വായ്പ കുടിശ്ശിക സംബന്ധിച്ച വിഷയം വളരെ ഗൗരവമായ വിഷയമായാണ് പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ നേരിടുന്നത്. അത് പരിഹരിക്കുന്നതിനുവേണ്ടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. മൊത്തം ബാധ്യതയുടെ 70 ശതമാനത്തോളം തുക ഇളവ് നൽകിക്കൊണ്ടുള്ള പദ്ധതിയാണ് നടപ്പാക്കുന്നത്. ഇത്തരമൊരു പദ്ധതി നടപ്പാക്കുന്നുണ്ടെങ്കിലും അതുപോലും അടയ്ക്കാൻ കഴിയാത്ത സ്ഥിതിയിലാണ് നല്ലൊരു വിഭാഗം ആളുകളുമുള്ളത്. അവരെ സഹായിക്കുന്നതിനുവേണ്ടി 'പ്രത്യാശ പദ്ധതി' എന്ന രൂപത്തിൽ വായ്പാ കുടിശ്ശികയുടെ ഒറ്റത്തവണ തീർപ്പാക്കുന്നതിനുവേണ്ടി, പുതിയ വായ്പ നൽകുന്ന പദ്ധതിയും നിലവിൽ കോർപ്പറേഷൻ നടപ്പാക്കിവരുന്നുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 2075 പേർക്ക് 2 കോടി 75 ലക്ഷം രൂപ ഇളവ് നൽകിയിട്ടുണ്ട്. പ്രത്യാശ പദ്ധതിപ്രകാരം 273 പേർക്ക് 4 കോടി 6 ലക്ഷം രൂപയുടെ പുതിയ വായ്പയും നൽകിയിട്ടുണ്ട്.

ശ്രീ. വി. ശശി: സർ, പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ വലിയ സഞ്ചിത നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ; ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് കോർപ്പറേഷൻ സ്വീകരിച്ചുവരുന്നത്?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ ഗൗരവമുള്ള വിഷയമാണ്. ഇതുസംബന്ധിച്ച് നേരത്തെ നൽകിയ ഉത്തരത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. കുടിശ്ശികയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഇതിൽ ഉൾപ്പെടുന്നതാണ്. 2022-23 സാമ്പത്തിക വർഷത്തെ സഞ്ചിത നഷ്ടം 100 കോടി 46 ലക്ഷം രൂപയായിരുന്നു. എന്നാൽ പിന്നീട് നടപ്പാക്കിയ പ്രവർത്തനങ്ങളുടെ ഭാഗമായി 2022-23 സാമ്പത്തിക വർഷത്തെ പ്രവർത്തനലാഭം 2.84 കോടി രൂപയായിരുന്നു. എന്നാൽ 2023-24 സാമ്പത്തിക വർഷം 3.84 കോടി രൂപയുടെ പ്രവർത്തന ലാഭമുണ്ടാക്കാൻ കോർപ്പറേഷന് കഴിഞ്ഞു. 2024-25 സാമ്പത്തിക വർഷവും ഭേദപ്പെട്ട ലാഭമാണ് പ്രതീക്ഷിക്കുന്നത്. ഈ സാമ്പത്തിക വർഷം അവസാനത്തോടുകൂടി, നേരത്തെ സൂചിപ്പിച്ച 100 കോടി 46 ലക്ഷം രൂപയായിരുന്ന സഞ്ചിത നഷ്ടം 90 കോടി രൂപയ്ക്കുതാഴെ എത്തിക്കാൻ

കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. സർക്കാരിന്റെ ഇടപെടലിന്റെയും മാനേജ്മെന്റിന്റെയും ജീവനക്കാരുടെയും കൂട്ടായ പ്രവർത്തനത്തിന്റെയും ഫലമായാണ് പ്രസ്തുത നേട്ടം കൈവരിക്കാൻ സാധിച്ചത്. അടുത്ത അഞ്ചുവർഷംകൊണ്ട് സഞ്ചിത നഷ്ടം പൂർണ്ണമായി ഇല്ലാതാക്കാനാവശ്യമായ നടപടികളാണ് കോർപ്പറേഷൻ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ സാമ്പത്തിക നില മെച്ചപ്പെടുത്തി, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി മെച്ചപ്പെട്ട പ്രവർത്തനങ്ങളാണ് പ്രസ്തുത വകുപ്പും കോർപ്പറേഷനും നടത്തിവരുന്നത്. സ്വകാര്യ പണമിടപാടുകാരുടെയും ബ്ലേഡ് മാഫിയകളുടെയും ചൂഷണത്തിൽനിന്നും പട്ടികജാതി വിഭാഗത്തിലെ ജനങ്ങളെ മോചിപ്പിക്കുന്നതിന് സ്വർണ പണയ വായ്പാ പദ്ധതി നടപ്പാക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; കൂടാതെ, സാമ്പത്തിക അച്ചടക്കത്തോടെ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് പ്രോത്സാഹനമായി ഇൻസെന്റീവ് നൽകുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, രണ്ട് ചോദ്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം

ഉന്നയിച്ചത്. ആദ്യ ചോദ്യത്തിൽ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ആളുകളാണ് അടിയന്തര ആവശ്യങ്ങൾക്കായി സ്വകാര്യ സാമ്പത്തിക സ്ഥാപനങ്ങളെ സ്വർണ വായ്പയ്ക്കുവേണ്ടി ആശ്രയിക്കുന്നത്. ആയതിൽ വലിയ വായ്പ അവർ നൽകേണ്ടി വരുന്നുണ്ട്. കോർപ്പറേഷൻ മുഖാന്തരം സ്വർണ വായ്പാ പദ്ധതി നടപ്പാക്കാൻ കഴിയുമോ എന്നാണ് ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടത്. അതുസംബന്ധിച്ച നിർദേശം ലഭിച്ചിട്ടുണ്ട്. അക്കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കുന്നുമുണ്ട്. അദ്ദേഹം സൂചിപ്പിച്ച രണ്ടാമത്തെ ചോദ്യം സംബന്ധിച്ച് പിന്നീട് പരിശോധിക്കാവുന്നതാണ്.

ശ്രീമതി കെ. കെ. രമ: സർ, കോർപ്പറേഷന്റെ സഹായത്തോടെ എസ്.സി.-എസ്.ടി. മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കുന്നുണ്ടോ; തുടങ്ങിയ സംരംഭങ്ങൾ നിലനിർത്താനും മുന്നോട്ടുകൊണ്ടുപോകാനും കഴിയുന്നുണ്ടോ; ആദിവാസി മേഖലയിൽ കിർത്താഡ്സ് നടത്തിയ പഠനത്തിൽ, ആ മേഖലയിൽ ആരംഭിക്കുന്ന സംരംഭങ്ങൾ പരാജയത്തിലാണെന്ന രീതിയിലുള്ള റിപ്പോർട്ടുകളുണ്ടോ; ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യയായ അംഗം ഉന്നയിച്ച ആദ്യ

ചോദ്യത്തിനുള്ള ഉത്തരം പ്രധാന ഉത്തരത്തിന്റെ ഭാഗമായി നൽകിയിട്ടുണ്ട്. 'ലഘുവ്യവസായ യോജന', 'മൈക്രോ ക്രെഡിറ്റ് ഫിനാൻസ് പ്രോഗ്രാം' തുടങ്ങിയ പദ്ധതികൾവഴി സംരംഭകർക്ക് സഹായം നൽകിയിട്ടുണ്ട്. കൂടാതെ ഇന്നത്തെ കാലഘട്ടത്തിൽ പ്രധാനപ്പെട്ട ഒന്നായ സ്റ്റാർട്ടപ്പ് സംരംഭകർക്ക് ഒരു വായ്പാപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 50 ലക്ഷം രൂപ വരെയാണ് പരമാവധി പദ്ധതി തുകയായി നൽകുന്നത്. പലിശ നിരക്ക് 7 ശതമാനമാണ്. തിരിച്ചടവ് കാലാവധി 5 വർഷം മുതൽ 7 വർഷം വരെയുള്ള ഒരു സ്കീമാണിത്. 25 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് ഈ പദ്ധതി നൽകുന്നുണ്ട്. അതോടൊപ്പം ഈ മേഖലയിൽ നിന്നുള്ള പ്രൊഫഷണൽ സർവീസുകൾക്ക്, അതായത് ചാർട്ടേഡ് അക്കൗണ്ടന്റ്, എഞ്ചിനീയർമാർ, സ്വതന്ത്ര്യമായി പ്രാക്ടീസ് ചെയ്യുന്നവർ തുടങ്ങിയവർക്ക് തുടക്ക കാലഘട്ടത്തിൽ കുറച്ച് പ്രതിസന്ധികൾ നേരിടേണ്ടിവരും. അവർക്ക് 5 വർഷം കാലാവധിയിൽ പ്രത്യേക വായ്പാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്വയംതൊഴിൽ സംരംഭം ആരംഭിക്കാൻ താല്പര്യമുള്ള പട്ടികജാതി-പട്ടികവർഗ വിഭാഗത്തിലുൾപ്പെട്ട യുവതീയുവാക്കൾക്ക് അവരുടെ അഭിരുചികൾക്ക് അനുസൃതമായിട്ടുള്ള സംരംഭങ്ങൾ തുടങ്ങാൻ

വായ്പ നൽകുന്നുണ്ട്. അതോടൊപ്പം, ബഹുമാന്യയായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുമ്പ് അവർക്ക് പരിശീലനം നൽകുന്നത് കൂടുതൽ ഗുണകരമായിരിക്കും. 2025-26 സാമ്പത്തിക വർഷം അത്തരത്തിലുള്ള പദ്ധതികൾ കോർപ്പറേഷൻ വിഭാവനം ചെയ്യുന്നുണ്ട്.

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, നേരത്തെ മറുപടിയിൽ പറഞ്ഞതുപോലെ ഈ സ്ഥാപനം അടുത്തകാലത്തായി നല്ല മുന്നേറ്റം നടത്തികൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് നല്ല ഇടപെടലാണ് എസ്.സി./എസ്.ടി. കോർപ്പറേഷനിൽ നടത്തിക്കൊണ്ടിരിക്കുന്നത്. 1972-ൽ തുടങ്ങിയ സ്ഥാപനം അതിന്റെ നിയമങ്ങളെല്ലാം അതേ അർത്ഥത്തിൽതന്നെ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. അതിൽ പുതിയ കാലഘട്ടത്തിനനുസരിച്ച് സർക്കാർ, സ്റ്റേറ്റ് ലെവലിൽ ഒരുകമ്മിറ്റി രൂപീകരിച്ച് മാറ്റം വരുത്തേണ്ടതുണ്ട്. സർക്കാരിന്റെ കീഴിൽവരുന്ന ധാരാളം കോർപ്പറേഷനുകളുണ്ട്. കോർപ്പറേഷനുകളിലെ അതത് സമയത്തെ ആവശ്യങ്ങൾ സമയബന്ധിതമായി പരിഹരിച്ചുകൊടുക്കാൻ സ്റ്റേറ്റ് ലെവലിൽ ഒരു കമ്മിറ്റി രൂപീകരിക്കാനും സഹായിക്കാനുമുള്ള സംവിധാനങ്ങൾ

ഏർപ്പെടുത്താൻ കഴിയുമോയെന്നാണ് എന്റെ ചോദ്യം?

ശ്രീ. പി. രാജീവ്: സർ, ഓരോ കോർപ്പറേഷനുകളും അതത് കോർപ്പറേഷനുകളുടെ ബൈലോ അനുസരിച്ചുകൊണ്ടാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ഒരുഭാഗം വളരെ പ്രസക്തമാണ്. മാറുന്ന കാലത്തിനനുസരിച്ച് പ്രത്യേകിച്ച്, സാങ്കേതികവിദ്യ മാറുന്ന, സാമ്പത്തിക പ്രവർത്തന രീതികൾ മാറുന്ന, അതിനനുസരിച്ചുകൊണ്ട് നിലവിലുള്ള ചട്ടങ്ങളിലോ നിയമങ്ങളിലോ പ്രൊസീഡ്യുറുകളിലോ കാലോചിതമായ മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ടെന്ന അദ്ദേഹത്തിന്റെ ഭാഗം വളരെ പ്രസക്തമാണ്. അത്തരത്തിലുള്ള നിർദ്ദേശങ്ങൾ പരിശോധിക്കാവുന്നതാണ്.

**ആഴക്കടൽ മത്സ്യബന്ധന പദ്ധതികൾ**

5(*365) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് സർക്കാർതലത്തിൽ പരിശീലന പരിപാടികൾ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രപേർക്ക് ഇതിനകം പരിശീലനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ആഴക്കടൽ മത്സ്യബന്ധന പദ്ധതികൾക്കായി കേന്ദ്ര സർക്കാർ നൽകുന്ന ധനസഹായം പര്യാപ്തമാണോ; ആയത് വർധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംസ്ഥാനം സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. സജി ചെറിയാൻ</u>): സർ,

(എ) സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുന്നതിനുവേണ്ടി കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY 2020-21 പദ്ധതിയിൽ ഉൾപ്പെടുത്തി 1.50 കോടി രൂപ യൂണിറ്റ് വിലയുള്ള 10

ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതി പ്രകാരം ഒരുയൂണിറ്റ് ആഴക്കടൽ മത്സ്യബന്ധന ബോട്ടിന് 1.20 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം (40%) രൂപയാണ് (കേന്ദ്ര വിഹിതം 28.8 + സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപ) ബാക്കി 72 ലക്ഷം (60%) ഗുണഭോക്തൃ വിഹിതവുമാണ്. എന്നാൽ കൊച്ചിൻ ഷിപ്പ്യാർഡ് നിർമ്മിക്കുന്ന അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ആഴക്കടൽ മത്സ്യബന്ധന യാനത്തിന്റെ വില 1.50 കോടി രൂപയാണ്. ആയതിനാൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുംകൂടി PMMSY പദ്ധതി പ്രകാരം നൽകുന്ന 48 ലക്ഷം രൂപ കിഴിച്ച് ബാക്കിയുള്ള 1.02 കോടി രൂപ ഗുണഭോക്തൃ വിഹിതമാണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ല എന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ)

സംസ്ഥാന സർക്കാർ അധിക ഗ്രാന്റ് ആയി അനുവദിക്കുന്നതിനും ബാക്കി 70% (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപറേഷനിൽനിന്നും Chief Minister's Entrepreneurship Development Programme (CMEDP) ലോൺ മുഖേന ലഭ്യമാക്കുന്നതിനും സർക്കാർ തലത്തിൽ ഉത്തരവാകുകയും അധിക ഗ്രാന്റ് ആയി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾക്ക് ആകെ 306 ലക്ഷം രൂപ സംസ്ഥാന സർക്കാർ അനുവദിക്കുകയും ചെയ്തു.

ഇപ്രകാരം കൊച്ചിൻ ഷിപ്പ്‌യാർഡിന്റെ Malpe കപ്പൽ നിർമ്മാണശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ 6 ബോട്ടുകൾ രജിസ്ട്രേഷൻ, ഇൻഷ്വറൻസ് നടപടികൾ പൂർത്തിയാക്കി തിരഞ്ഞെടുക്കപ്പെട്ട മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്ത്, മത്സ്യബന്ധനം നടത്തിവരുന്നു. ബാക്കിയുള്ള 4 യൂണിറ്റുകൾകൂടി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ PMMSY (2023-24) പദ്ധതിയിലുൾപ്പെടുത്തി 1.20 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ വ്യക്തിഗത മത്സ്യത്തൊഴിലാളികൾക്ക്/മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 12

കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി പ്രകാരം സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് യൂണിറ്റ് തുകയുടെ 40% ആയ 48 ലക്ഷം രൂപയാണ് (കേന്ദ്ര വിഹിതം 28.8 + സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപ) ബാക്കി 72 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതമാണ്. പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ഫിഷറീസ് വകുപ്പിന്റെ കീഴിൽ എംപാനൽ ചെയ്തിട്ടുള്ള യാന നിർമ്മാണശാലകളിൽ സ്വന്തം നിലയ്ക്ക് യാനങ്ങൾ നിർമ്മിക്കാവുന്നതാണ്. ആയതിലേക്ക് PMMSY മാർഗരേഖയുടെ അടിസ്ഥാനത്തിൽ യാന നിർമ്മാണശാലകളിൽനിന്നും Expression of Interest ക്ഷണിക്കുകയും അപ്രകാരം യോഗ്യതയുള്ള രണ്ട് യാന നിർമ്മാണശാലകൾ ഫിഷറീസ് വകുപ്പിന്റെ കീഴിൽ എംപാനൽ ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലകളിൽ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് പൂർത്തീകരിക്കുകയും ഗുണഭോക്താക്കൾ തിരഞ്ഞെടുക്കുന്ന എംപാനൽ ചെയ്ത യാന നിർമ്മാണ ശാലയുമായി കരാറിൽ ഏർപ്പെട്ട് യാന നിർമ്മാണം ആരംഭിക്കുന്നതിലേക്കുള്ള തുടർ നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. 2023-2024 സാമ്പത്തിക വർഷം പരമ്പരാഗത

മത്സ്യത്തൊഴിലാളികളിൽ ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിലേക്കും അതുവഴി ആഴക്കടലിൽനിന്നുള്ള വിഭവങ്ങൾകൂടി പരമ്പരാഗത മേഖലയ്ക്ക് പ്രയോജനപ്പെടുത്തുന്നതിലേക്കുമായി 75 ശതമാനം സബ്സിഡിയോടുകൂടി 14 പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് അനുയോജ്യമായ വിവിധതരം ചൂണ്ടകളും നൂലും നൽകുന്ന 132.50 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കി.

(ബി) പദ്ധതിയിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങളിൽനിന്നും തിരഞ്ഞെടുത്ത 30 മത്സ്യത്തൊഴിലാളികൾക്ക് ലോങ്ങ് ലൈൻ ഫിഷിംഗ്, ഗിൽ നെറ്റിംഗ് എന്നീ ആഴക്കടൽ മത്സ്യബന്ധന രീതികളിൽ CIFT-ന്റെ നേതൃത്വത്തിൽ NCDC-യുടെ സാമ്പത്തിക സഹായത്തോടെ മൂന്നുദിവസത്തെ പരിശീലനം NIFAM-ൽ വച്ച് നൽകിയിട്ടുണ്ട്. കൂടാതെ ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് എല്ലാ ഗുണഭോക്തൃ ഗ്രൂപ്പുകളിലെയും തിരഞ്ഞെടുത്ത 20 അംഗങ്ങൾക്ക് കൊച്ചിൻ ഷിപ്പ്‌യാർഡിന്റെ Malpe കപ്പൽ നിർമ്മാണ ശാലയിൽ വച്ച് പരിശീലനം നൽകിയിട്ടുണ്ട്. അതോടൊപ്പം മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ

പ്രവർത്തനത്തെക്കുറിച്ച് അവബോധം നൽകുന്നതിനും ആനുകാലികമായി നടത്തേണ്ട അറ്റകുറ്റപ്പണികൾ സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുന്നതുമായ പ്രവർത്തന മാനുവൽ മത്സ്യത്തൊഴിലാളികൾക്ക് പരിചയപ്പെടുത്തുന്നതിനും തുടർപരിശീലനം നൽകുന്നതിലേക്കായി കൊച്ചിൻ ഷിപ്പ്യാർഡിന് നിർദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ മുഴുവൻ ഗുണഭോക്തൃ ഗ്രൂപ്പുകളിലെയും അംഗങ്ങൾക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള എല്ലാ beneficiary oriented ആയ പദ്ധതികൾക്കും യുണിറ്റ് തുകയുടെ 24% കേന്ദ്ര വിഹിതവും 16% സംസ്ഥാന വിഹിതവും ചേർത്ത് 40% തുക ധനസഹായവും ബാക്കി 60% ഗുണഭോക്തൃ വിഹിതവുമാണ്. പ്രസ്തുത പദ്ധതി പ്രകാരം ഒരുയൂണിറ്റ് ആഴക്കടൽ മത്സ്യബന്ധന ബോട്ടിന് 1.20 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ കൊച്ചിൻ ഷിപ്പ്യാർഡ് നിർമ്മിക്കുന്ന അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ആഴക്കടൽ മത്സ്യബന്ധന യാനത്തിന്റെ വില 1.50 കോടി രൂപയാണ്. ആയതിനാൽ യുണിറ്റ് തുകയായ 120 ലക്ഷം രൂപ എന്നത് 150 ലക്ഷം

രൂപയാക്കി (60 ലക്ഷം രൂപ കേന്ദ്ര-സംസ്ഥാന സർക്കാർ സഹായവും 90 ലക്ഷം ഗുണഭോക്തൃ വിഹിതവും) ഉൾപ്പെടുത്തി 10 യൂണിറ്റുകൾ അനുവദിക്കുന്നതിന് 15 കോടി രൂപയുടെ പ്രൊപ്പോസൽ സ്റ്റേറ്റ് ലെവൽ അപ്രൂവൽ മോണിറ്ററിങ് കമ്മിറ്റിയുടെ അംഗീകാരത്തോടെ, PMMSY 2023-24 പദ്ധതിയിൻകീഴിൽ ഭരണാനുമതിക്കായി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിരുന്നെങ്കിലും ആയത് യൂണിറ്റ് തുക 120 ലക്ഷം രൂപ എന്ന നിരക്കിൽ 10 യൂണിറ്റുകൾക്കായി 12 കോടി രൂപയ്ക്കാണ് ഭരണാനുമതി ലഭ്യമായിട്ടുള്ളത്. അപ്രകാരം പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, ഇപ്പോൾ മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന ബോട്ടുകളും യാനങ്ങളും ഒന്നുംതന്നെ ആഴക്കടലിൽ മതിയാകില്ല. അങ്ങനെ വരുമ്പോൾ ആഴക്കടൽ മത്സ്യബന്ധനത്തിന് ബോട്ടുകൾ നിർമ്മിക്കുന്നതിന് കൊച്ചിൻ ഷിപ്പ്യാർഡിന് പുറമെ സ്വകാര്യമേഖലയിലുംകൂടി ഉപയോഗിക്കുന്നുണ്ടോ. അതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ; അതിന് എംപാനൽ ചെയ്തിട്ടുണ്ടോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണിത്. ഇതിന്റെ ഭാഗമായി നമ്മൾ പത്തെണ്ണം നിർമ്മിക്കാൻ വേണ്ടി ചുമതലപ്പെടുത്തിയത് കൊച്ചിൻ ഷിപ്പ്‌യാർഡിനെയാണ്. എന്നാൽ കൊച്ചിൻ ഷിപ്പ്‌യാർഡിന് പുറമെ സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾക്കും അല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങൾക്കും അനുവാദം നൽകുന്നുണ്ട്. ഇതിനായി expression of interest ക്ഷണിച്ചു. അതിനുവേണ്ടിയുള്ള സമീപനം നമ്മൾ 28-01-2025-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, ആഴക്കടൽ മത്സ്യബന്ധനത്തിലൂടെ ലഭിക്കാൻ പോകുന്ന മത്സ്യം ഇപ്പോൾ നമ്മൾ ഉപയോഗിക്കുന്ന തരത്തിലുള്ള മത്സ്യമായിരിക്കില്ല, പ്രത്യേക തരത്തിലുള്ളതായിരിക്കും. അതിനുള്ള വിലനിശ്ചയം കൃത്യമായി മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാകുമെന്ന കാര്യത്തിൽ എന്തെങ്കിലും ഗ്യാരണ്ടിയുണ്ടോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ന്യായവില ഉറപ്പുവരുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി മത്സ്യഫെഡ് ഈ മത്സ്യം ഏറ്റെടുക്കുന്നതിനുവേണ്ടി അവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അത്തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാകില്ല.

ശ്രീമതി കാനത്തിൽ ജമീല ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. എം. മുകേഷ്: സർ, ആഴക്കടൽ മത്സ്യബന്ധന യാനങ്ങളിൽ എന്തുതരം മത്സ്യബന്ധന രീതികളാണ് അനുവദിച്ചിട്ടുള്ളത്? ട്രോളിംഗ് അനുവദനീയമാണോ?

ശ്രീ. സജി ചെറിയാൻ: സർ, ഇതിനൊരു മാർഗരേഖ ഇപ്പോൾ ഞങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഈ രീതി അവലംബിക്കുന്നതിന് ലോങ് ലൈൻ ഫിഷിങ്, ഗിൽ നെറ്റിങുമാണ് അനുവദിച്ചിട്ടുള്ളത്. ട്രോളിംഗ് അനുവദനീയമല്ല.

ശ്രീ. മുരളി പെരുനെല്ലി: സർ, പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കാനും അനാരോഗ്യകരമായ തീരദേശത്തെ മത്സരം ഒഴിവാക്കുന്നതിനുവേണ്ടി സംഘടിപ്പിക്കുന്ന ഈ പദ്ധതിയുടെ അർഹതാമാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, അതുസംബന്ധിച്ച് റിപ്പോർട്ടിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്.

ശ്രീമതി ദെലീമ: സർ, മത്സ്യബന്ധന മേഖലയിൽ മികച്ച ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്ന ബഹുമാനപ്പെട്ട ശ്രീ. സജി ചെറിയാൻ മിനിസ്റ്ററിനെ ഞാൻ ഈ അവസരത്തിൽ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. എന്റെ ചോദ്യം ആഴക്കടൽ മത്സ്യബന്ധയാനങ്ങൾ നൽകുന്ന പദ്ധതിയിൽ ആരൊക്കെയാണ് ഗുണഭോക്താക്കൾ എന്നതാണ്?

ശ്രീ. സജി ചെറിയാൻ: സർ, ക്ഷേമനിധി അംഗങ്ങളും അതുപോലെതന്നെ പരമ്പരാഗത മത്സ്യത്തൊഴിലാളികളും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ ഗ്രൂപ്പുകളുമാണ് ഇതിലെ ഗുണഭോക്താക്കൾ.

ശ്രീ. ആന്റണി രാജു: സർ, തീരദേശമേഖലയുടെ സമഗ്രമായ വികസനത്തിനായി ബഹുമാനപ്പെട്ട ഫിഷറീസ് മന്ത്രി നടത്തുന്ന തിളക്കമാർന്ന പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്. ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ കപ്പലുകൾക്ക് ലൈസൻസ് നൽകുന്ന തൊഴിലാളി ദ്രോഹ തീരദേശ വിരുദ്ധ പദ്ധതി ഇന്ത്യയിൽ നടപ്പാക്കിയത് നരസിംഹ റാവു പ്രധാനമന്ത്രിയായിരുന്ന കാലത്താണ്. ഇപ്പോൾ ബി.ജെ.പി. സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന കടൽ മണൽ ഖനന

പദ്ധതിപോലെ തന്നെ മത്സ്യത്തൊഴിലാളികൾക്ക് ഏറ്റവും ദ്രോഹം ചെയ്യുന്ന പദ്ധതിയാണ് കോൺഗ്രസ് സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയ ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ കപ്പലുകൾക്ക് ലൈസൻസ് നൽകിയ തീരദേശദ്രോഹ പദ്ധതി......(ബഹളം)..... എന്റെ ചോദ്യം ഈ രണ്ട് മത്സ്യത്തൊഴിലാളി വിരുദ്ധ പദ്ധതികളും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ആഴക്കടൽ മത്സ്യബന്ധനത്തെ ബാധിക്കുന്നതിനെ അതിജീവിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, വളരെ പ്രധാനപ്പെട്ട ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. അതിൽ രാഷ്ട്രീയം കാണേണ്ടതില്ല. .....(ബഹളം).....

<u>മി. സ്പീക്കർ</u>: പ്ലീസ്... അതിൽ രാഷ്ട്രീയം കാണേണ്ട കാര്യമില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞല്ലോ..

<u>ശ്രീ. സജി ചെറിയാൻ</u>: സർ, കേരളത്തിന്റെ തീരദേശ മേഖലയിലുള്ള മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ ബാധിക്കുന്ന പ്രശ്നമാണ്. ഖനനം ഇപ്പോൾ ഇരുപത് നോട്ടിക്കൽ മൈൽ അധികാരമുള്ള സംസ്ഥാനത്തിന്റെ

പരിധിക്ക് അപ്പുറത്തേക്ക് ആഴക്കടലിലേക്ക് ഉൾപ്പെടെ നടത്താൻ വേണ്ടിയാണ് കേന്ദ്രഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ളത്. ഇന്നിപ്പോൾ ഒരുമാസംകൂടി അതിന്റെ നടപടിക്രമങ്ങൾ നീട്ടിയെങ്കിലും അപകടകരമായ അവസ്ഥയിലേക്ക് പോകുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രമേയം അവതരിപ്പിച്ച് ഭരണപ്രതിപക്ഷങ്ങൾ യോജിച്ച് പാസ്സാക്കിയത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് നമ്മുടെ സംഘടനകൾ എല്ലാം ഒന്നിച്ച് സമരങ്ങളിലേക്ക് വന്നിട്ടുണ്ട്. അതുകൂടുതൽ ശക്തിപ്പെടുത്തണം. ആഴക്കടൽ ഖനനവും വിദേശ ട്രോളറുകളും കപ്പലുകളും വന്നുള്ള മത്സ്യബന്ധനവും നമ്മുടെ പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലകളെ കാര്യമായി ബാധിക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട. കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ നിരന്തരം ടി വിഷയം അറിയിച്ചിട്ടുണ്ട്. അതിനുവേണ്ടി ആവശ്യമായ പ്രക്ഷോഭം സംഘടിപ്പിക്കുന്നുണ്ട്. ആ പ്രക്ഷോഭത്തിൽ സംസ്ഥാന ഗവൺമെന്റ് പിന്തുണയും അറിയിച്ചിട്ടുണ്ട്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കേരളത്തിൽ ടി മേഖലയിൽ വളരെ ഫലപ്രദമായ ഇടപ്പെടൽ നടന്നുകൊണ്ടിരിക്കുന്ന കാലമാണ്. എന്റെ ചോദ്യം മത്സ്യമേഖലയിലുള്ള യുവാക്കൾക്കും യുവതികൾക്കുംവേണ്ടി ആരംഭിച്ചിട്ടുള്ള

ഒരു വലിയ തൊഴിൽ ദാന പദ്ധതിയാണ് 'തൊഴിൽതീരം'. ആ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇതുവരെയുള്ള സ്ഥിതിയെന്താണ്; എത്രപേർക്ക് ട്രെയിനിംഗ് നൽകാൻ കഴിഞ്ഞിട്ടുണ്ട്?

ശ്രീ. സജി ചെറിയാൻ: സർ, കേരളത്തിൽ 'തൊഴിൽതീരം' രണ്ടാം പിണറായി ഗവൺമെന്റിന്റെ ഏറ്റവും അഭിമാനകരമായ പദ്ധതിയാണ്. ഇരുപത്തിയേഴായിരത്തോളം ആളുകൾ ഇതിനകംതന്നെ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. അതിൽ ആദ്യഘട്ടമായി മൂവായിരം ആളുകൾക്കുള്ള തൊഴിൽ കൊടുക്കാൻ കഴിയുന്നതിനുവേണ്ടിയുള്ള പരിശീലന പരിപാടി ആരംഭിച്ചുകഴിഞ്ഞു. കഴിഞ്ഞ ദിവസം എറണാകുളത്ത് അതിന്റെ സംസ്ഥാനതല ഉദ്ഘാടനം ഞാൻ നിർവഹിച്ചു. ഇരുപത്തിഅയ്യായിരം പേർക്ക് ട്രെയിനിംഗ് നൽകുകയും അതിനെത്തുടർന്ന് ഒമ്പത് തീരദേശ ജില്ലകളിൽ ആവശ്യമായ തൊഴിൽ മേളകൾ സംഘടിപ്പിച്ചുകൊണ്ടും വിവിധ സ്ഥാപനങ്ങളും വകുപ്പുകളുമായി ബന്ധപ്പെട്ട് ഇവർക്ക് തൊഴിൽ നൽകുന്നതിനുവേണ്ടിയുള്ള എല്ലാ സംവിധാനങ്ങളും ഗവൺമെന്റ് ഒരുക്കികഴിഞ്ഞു. കേരളത്തിൽ വലിയൊരു പദ്ധതിയായി മാറിയിട്ടുണ്ടെന്ന സന്തോഷകരമായ കാര്യവും പറയാൻ ആഗ്രഹിക്കുന്നു.

## വിവിധ തൊഴിൽ മേഖലകളിലെ യുവജനങ്ങളുടെ മാനസികാരോഗ്യം ഉറപ്പാക്കാൻ നടപടി

6(*366) ശ്രീ. എം. വിജിൻ:
ശ്രീ. പി. പി. സുമോദ്:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്കിടയിൽ തൊഴിൽ സമ്മർദ്ദവും ആത്മഹത്യാ പ്രവണതയും വർധിച്ചുവരുന്ന സാഹചര്യത്തിൽ യുവജനങ്ങളുടെ മാനസികാരോഗ്യം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന യുവജന കമ്മീഷൻ നടത്തിയ ശാസ്ത്രീയ പഠനത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവെ ഏതെല്ലാം മേഖലകളിൽ ജോലി ചെയ്യുന്നവർക്കിടയിലാണ് നടത്തിയതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിൽ ഐ.ടി. മേഖലയിലും മാധ്യമരംഗത്തും തൊഴിൽ ചെയ്യുന്ന യുവജനങ്ങൾക്കിടയിലാണ് തൊഴിൽ സമ്മർദ്ദം കൂടുതലെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത കണ്ടെത്തലുകളെ അടിസ്ഥാനമാക്കി മാനസികാരോഗ്യത്തിന് മുൻഗണന നൽകുന്നതും യുവജനങ്ങൾക്ക് പിന്തുണ നൽകുന്നതുമായ തൊഴിലന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള ഇടപെടൽ നടത്തുമോ; വ്യക്തമാക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ,

(എ&ബി) തൊഴിലിടങ്ങളിലെ യുവജനങ്ങളുടെ മാനസികാരോഗ്യത്തെ സംബന്ധിച്ച ഒരുശാസ്ത്രീയ പഠനം Mental Health of Youth at Work എന്ന പേരിൽ കേരള സംസ്ഥാന യുവജന കമ്മീഷൻ നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഐ.റ്റി., ഗിഗ് ഇക്കോണമി, മീഡിയ, ഇൻഷ്വറൻസ്/ബാങ്കിങ്, റീട്ടെയിൽ/ഇൻഡസ്ട്രിയൽ എന്നീ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന 18-നും 40-നും ഇടയിൽ പ്രായമുള്ള 1548 യുവജനങ്ങൾക്കിടയിലാണ് സർവെ നടത്തിയത്.

(സി) കണ്ടെത്തിയിട്ടുണ്ട്.

(ഡി) യുവജനങ്ങളുടെ മാനസികാരോഗ്യത്തെ സംബന്ധിച്ച ഒരു ശാസ്ത്രീയ പഠനം നടത്തുകയും Mental Health of Youth at Work എന്ന

പേരിൽ തയാറാക്കിയ പഠന റിപ്പോർട്ട് സർക്കാരിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഐ.റ്റി., ഗിഗ് ഇക്കോണമി, മീഡിയ, ഇൻഷ്വറൻസ്/ബാങ്കിങ്, റീട്ടെയിൽ/ ഇൻഡസ്ട്രിയൽ എന്നീ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന 18-നും 40-നും ഇടയിൽ പ്രായമുള്ള 1548 യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടാണ് സർവെ നടത്തിയത്. സാമ്പത്തിക അരക്ഷിതാവസ്ഥയും 'വർക്ക് ലൈഫ് ബാലൻസ്' സംബന്ധമായ പ്രശ്നങ്ങൾ എന്നിവയാണ് മാനസിക സമ്മർദ്ദത്തിനുള്ള പ്രധാന കാരണമായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. ജോലിയുമായി ബന്ധപ്പെട്ട സമ്മർദ്ദങ്ങളിൽ, ജോലിയുടെ സ്വഭാവം (ജോലിയുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങളും വിഭവങ്ങളും, സമയ സമ്മർദ്ദം, സമയപരിധികൾ, തൊഴിൽ അന്തരീക്ഷം, ഷെഡ്യൂൾ എന്നിവ) തൊഴിലാളികളിൽ തൊഴിൽ സമ്മർദ്ദത്തിന് ഏറ്റവും പ്രധാനപ്പെട്ട സംഭാവന നൽകുന്നതായി കണ്ടെത്തി.

പഠനത്തിലെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി, മാനസികാരോഗ്യത്തിന് മുൻഗണന നൽകുന്ന, ജീവനക്കാർക്ക് കൂടുതൽ പിന്തുണ നൽകുന്നതും ഉൾക്കൊള്ളൽശേഷിയുള്ളതുമായ ഒരു തൊഴിൽ

അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ചുവടെ പറയും പ്രകാരം നിർദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്.

- തൊഴിൽ സ്ഥാപനങ്ങളിൽ 'Recreational Corners' സ്ഥാപിക്കുക. ഇത് ജോലി സമ്മർദ്ദം ലഘൂകരിക്കാനും തിരക്കേറിയ ജോലി ഷെഡ്യൂളിൽനിന്ന് ആശ്വാസം കണ്ടെത്താനും സഹായിക്കും.
- തൊഴിലിടങ്ങളിൽ നിശ്ചിത ഇടവേളകളിൽ 'Stress Audit' നടത്തുക. ജീവനക്കാരുടെ സമ്മർദ്ദ നിലയും മൊത്തത്തിലുള്ള മാനസികാരോഗ്യ സ്ഥിതിയും നിരീക്ഷിക്കാൻ സഹായിക്കും.
- വർക്ക് ലൈഫ് ബാലൻസ് പോളിസികൾ' തൊഴിലിടങ്ങളിൽ നടപ്പാക്കുക.
- Stress Management സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കി ജീവിതത്തിലെ വ്യക്തിപരവും തൊഴിൽപരവുമായ വെല്ലുവിളികളെ ഫലപ്രദമായി കൈകാര്യം ചെയ്യാൻ വരുംതലമുറയെ പ്രാപ്തരാക്കുക.
- ആഴ്ചയിൽ ഒരുമണിക്കൂർ എങ്കിലും 'Wellness Hour' തൊഴിലാളികൾക്കായി മാനസികാരോഗ്യ സംബന്ധിയായ ആശങ്കകളും മറ്റ്

അനുബന്ധ പ്രശ്നങ്ങളും ചർച്ച ചെയ്യാനും പങ്കുവെക്കാനും ഇതിലൂടെ സാധിക്കുന്നു.

- സമ്മർദ്ദം കുറയ്ക്കുന്നതിനും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന സാമ്പത്തിക അച്ചടക്കത്തെ സംബന്ധിയായ (ബജറ്റിംഗ്, സമ്പാദ്യം, കടം കൈകാര്യം ചെയ്യൽ, നിക്ഷേപം) ശിൽപശാലകൾ, സ്ഥാപനങ്ങൾ എന്നിവ തൊഴിലാളികൾക്കായി ആസൂത്രണം ചെയ്തുനടപ്പാക്കുക.
- തൊഴിൽ സ്ഥാപനങ്ങളിൽ ജീവനക്കാരുടെ മാനസികാരോഗ്യം മെച്ചപ്പെടുത്താൻ മാനസികാരോഗ്യ വിദഗ്ധരെ, ഓർഗനൈസേഷൻ സൈക്കോളജിസ്റ്റിനെ നിയമിക്കുക.
- ആരോഗ്യ ഇൻഷ്വറൻസ് ആനുകൂല്യങ്ങളുടെ ഭാഗമായി മാനസിക ആരോഗ്യ ഇൻഷ്വറൻസും നിയമംമൂലം ഉൾക്കൊള്ളിക്കേണ്ടതാണ്.

ജീവനക്കാരുടെ ശാരീരികവും മാനസികവുമായ ആരോഗ്യം പ്രോത്സാഹിപ്പിക്കുന്നതിന് അടിസ്ഥാന ഫിറ്റ്നസ് സൗകര്യങ്ങൾ, മൈൻഡ്ഫുൾനെസ് പ്രോഗ്രാമുകൾ, സമ്മർദ്ദം കൈകാര്യം ചെയ്യാൻ

പരിശീലിപ്പിക്കുന്ന വർക്ക്ഷോപ്പുകൾ തുടങ്ങിയ സംരംഭങ്ങൾ നടപ്പാക്കാൻ സ്ഥാപനങ്ങൾ മുൻകൈ എടുക്കേണ്ടതുണ്ട്.

റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിക്കുന്നതാണ്.

യൂത്ത് എമ്പവർമെന്റ്, 'മെന്റൽ റെസീലിയൻസ്, ഹാപ്പിനസ്സ്: ചലഞ്ചസ് ആൻഡ് പോസിബിലിറ്റീസ്' എന്ന വിഷയത്തിൽ യുവജന കമ്മീഷൻ അക്കാദമികമായ സാധ്യതയ്ക്ക് പുറത്ത് യുവജനങ്ങളുടെ മാനസിക പ്രശ്നങ്ങളെ സമഗ്രമായി അഭിസംബോധന ചെയ്യുകയെന്ന ലക്ഷ്യത്തോടെ 2024 ജനവരി 31, ഫെബ്രുവരി 1 തീയതികളിൽ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. ആ ചർച്ചകളുടെയും സംവാദങ്ങളുടെയും തുടർച്ചയെന്ന നിലയിലും വിപുലീകരണമെന്ന നിലയിലുമാണ് 2025 മാർച്ച് 3, 4 തീയതിൽ 'Modern World of Work and Youth Mental Health' എന്ന വിഷയത്തിൽ കഴക്കൂട്ടം ടെക്നോപാർക്കിൽ വെച്ച് യുവജന കമ്മീഷൻ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചത്. ദേശീയ സെമിനാറിനോടൊപ്പം മുഴുവൻ ജില്ലകളിലും സർവകലാശാലകളിലും പ്രാദേശിക ഇടങ്ങളിലും

മാനസികാരോഗ്യത്തിന് മുൻഗണന നൽകുന്നതിനും ആത്മഹത്യ പ്രതിരോധത്തിനായി സെമിനാറുകളും സംഘടിപ്പിക്കുന്നു.

യുവജനങ്ങളുടെ അവകാശ സംരക്ഷണ പ്രവർത്തനങ്ങൾ, വേഗത്തിലും സുതാര്യവുമായ പരാതി പരിഹാരത്തിനായി നിരന്തരമായ അദാലത്തുകൾ, ആരോഗ്യക്യാമ്പുകൾ എന്നിങ്ങനെ നിരവധി കർമ്മപദ്ധതികൾ യുവജന കമ്മീഷന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. യുവജനങ്ങൾക്ക് സൗജന്യ നിയമസഹായത്തിനായി 18001235310 എന്ന ടോൾഫ്രീ നമ്പരും യുവജന കമ്മീഷൻ ഒരുക്കിയിട്ടുണ്ട്.

ശ്രീ. എം. വിജിൻ: സർ, തൊഴിൽ സമ്മർദ്ദം വലിയ രീതിയിൽ ഐ.ടി. മേഖലകളിൽ ഉൾപ്പെടെ മറ്റു മേഖലകളിലും യുവാക്കളിൽ ഏറിവരികയാണ്. പക്ഷേ പേര് വച്ച് പരാതിപ്പെടാൻ ഇവർ പലപ്പോഴും ഭയപ്പെടുന്നു. കാരണം തൊഴിൽ നഷ്ടപ്പെടുമോയെന്ന ഭയം വലിയ രീതിയിൽ യുവാക്കൾക്ക് ഇടയിൽ ഉണ്ടാകുന്നു. അതുകൊണ്ടുതന്നെ പേര് വെളിപ്പെടുത്താതെ സ്വകാര്യമായി പരാതി നൽകാനുള്ള സംവിധാനവും അതിൽ നടപടി കൈക്കൊള്ളാനും സർക്കാർ ആലോചിക്കുന്നുണ്ടോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, വളരെ പ്രധാനപ്പെട്ട ചോദ്യമാണ്. തൊഴിൽ വകുപ്പുമായുംകൂടി ബന്ധപ്പെട്ട് കൈകാര്യം ചെയ്യേണ്ട വിഷയമായതിനാൽ ഗവൺമെന്റിന്റെ ശ്രദ്ധയിലേക്ക് ഇക്കാര്യം കൊണ്ടുവരാം.

<u>ശ്രീ. എം. വിജിൻ</u>: സർ, തൊഴിൽ മേഖലകളിൽ യുവാക്കളുടെ മാനസിക ആരോഗ്യംകൂടി കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്തെ യുവജന സംഘടനകൾ, ക്ലബ്ബുകൾ ഇവയെല്ലാം കോർത്തിണക്കി പദ്ധതികൾ ആവിഷ്കരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, തീർച്ചയായും യുവജനകാര്യവകുപ്പിന്റെ നേതൃത്വത്തിൽ അത്തരം ഒരു പരിപാടി ഇപ്പോൾ ആലോചിക്കുന്നുണ്ട്. ഏറ്റവും അടിയന്തരമായിതന്നെ ആ പരിപാടിയുമായി മുന്നോട്ടുപോകും.

<u>ശ്രീ. പി. പി. സുമോദ്</u>: സർ, തൊഴിലിടങ്ങളിലെ യുവജനങ്ങളുടെ മാനസികാരോഗ്യം ഉറപ്പാക്കാൻവേണ്ടി ലഞ്ച് ബ്രേക്ക് സമയത്ത് യോഗപോലെയുള്ള മാനസിക സമ്മർദ്ദം കുറയ്ക്കാനുള്ള വ്യായാമ മുറകൾ നൽകാൻ വകുപ്പ് ആലോചിക്കുന്നുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, ഇപ്പോൾതന്നെ നമ്മുടെ യൂത്ത് ഫോഴ്സിനെ ഉപയോഗിച്ചുകൊണ്ടുള്ള ചില പ്രവർത്തനങ്ങൾ നമ്മൾ ആരംഭിച്ചിട്ടുണ്ട്. അത് കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കാം.

ഡോ. സുജിത് വിജയൻപിള്ള: സർ, ഐ.ടി. പോലുള്ള മേഖലകളിൽ റിലാക്സ്ഡ് മൈൻഡ് സെറ്റിലാണ് കൂടുതൽ പ്രൊഡക്ടിവിറ്റി ഉണ്ടാകുന്നത്. അക്കാരണങ്ങളാൽ stand up comedians-ന്റെ പ്രകടനങ്ങളും അതുപോലെ stress relieving exercise-ഒക്കെ ധാരാളമായി ചെയ്തുവരുന്നുണ്ട്. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളും പ്രൈവറ്റ് സ്ഥാപനങ്ങളും തമ്മിൽ തൊഴിലിടത്തെ സമ്മർദ്ദത്തെക്കുറിച്ച് താരതമ്യ പഠനം നടത്തിയിട്ടുണ്ടോ? ഇങ്ങനെയുള്ള exercise-കൾ നമ്മുടെ പൊതുമേഖലയിൽക്കൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, മെന്റൽ ഹെൽത്തുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ടിൽ അങ്ങ് പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. അക്കാര്യങ്ങൾ ആരോഗ്യ, വിദ്യാഭ്യാസ, തൊഴിൽ വകുപ്പുകളുമായി ചേർന്ന് നടത്തുന്ന കുറച്ചുകാര്യങ്ങളുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ടി

വിഷയം വന്നിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചിരുന്നു. അതിന്റെ കൂടെ മെന്റൽ ഹെൽത്ത് പ്രൊഫഷണൽസും സൈക്യാട്രി സോഷ്യൽ വർക്കർമാരും സൈക്യാട്രിസ്റ്റ് അടക്കമുള്ള മെന്റൽ ഹെൽത്ത് പ്രൊഫഷണൽ ടീമിന്റെ സേവനം affordable ആകുന്ന തരത്തിൽ എല്ലാ പ്രദേശങ്ങളിലും യൂത്തിന് ചെയ്യാൻ കഴിയുന്ന രീതിയിലുള്ള സൗകര്യം ഒരുക്കാൻ കഴിയുമോ?

ശ്രീ. സജി ചെറിയാൻ: സർ, നമുക്ക് ചെയ്യാൻ കഴിയില്ല. ആരോഗ്യവകുപ്പിന്റെ കീഴിൽ ധാരാളം മാനസിക ആരോഗ്യ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ആരോഗ്യവകുപ്പുമായി ചേർന്ന് നമുക്ക് എന്തുചെയ്യാൻ കഴിയുമെന്ന് ചിന്തിക്കാവുന്നതാണ്.